# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി11/388/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി11/388/2023 തീയ്യതി: 30/03/2023

## കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2021 മുതൽ 07-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2023 | 18-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-03-2023 | 18-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ആൽബർട്ട് ജോസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വനജ മാടത്താൻകണ്ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീനാഥ്.വി. - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി. പി .വേണുഗോപാലൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത.ചെറുവളത്ത് | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ.ശശീന്ദ്രൻ.ടി.പി | സെക്രട്ടറി | 02-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ജി.സുനിൽ | കൃഷി ഓഫീസർ | 01-04-2021 | 27-08-2021 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 28-08-2021 | 31-03-2022 |
| ഡോ.മഹേഷ.ജി.കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഷഫീർ ബാബു | സൂപ്രണ്ട്.താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 09-04-2021 |
| ഡോ. ഗ്രിഫിൻ സുരേന്ദ്രൻ | സൂപ്രണ്ട്.താലൂക്ക് ഹോസ്പിറ്റൽ | 10-04-2021 | 13-03-2022 |
| ഡോ.അശ്വിൻ.എച്ച് | സൂപ്രണ്ട്.താലൂക്ക് ഹോസ്പിറ്റൽ | 14-03-2022 | 31-03-2022 |
| ഡോ.ലിഷ മോൾ.കെ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 30-04-2021 |
| ഡോ.സനിൽ കുമാർ.എം.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-05-2021 | 31-03-2022 |
| ഡോ .ഗീത. ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. രസിത്ത് കെ.എം | വി ഇ ഒ | 01-04-2021 | 03-10-2021 |
| ശ്രീമതി.ഷൈമ.കെ.എം | വി ഇ ഒ | 04-10-2021 | 31-03-2022 |
| ശ്രീമതി.സോണി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 11-10-2021 |
| ശ്രീമതി.ഫാത്തിമ സഹറ.വി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 12-10-2021 | 16-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ആശ.എം.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീ.ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈലജ.സി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രശാന്ത് ആർ.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ.പവിത്രൻ.വി | അസിസ്റ്റന്റ് സെക്രട്ടറി(ജെ എസിന് അധികച്ചുമതല) | 10-07-2021 | 19-07-2021 |
| ശ്രീ.യോഷ്വ.എം.സി | അസിസ്റ്റന്റ് സെക്രട്ടറി | 20-07-2021 | 31-03-2022 |
| ശ്രീമതി.അനശ്രീ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീത പി.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 01-08-2021 |
| ശ്രീ.രാജേഷ്.ടി.ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-08-2021 | 07-10-2021 |
| ശ്രീ.ഷാജി.സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 08-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ - | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതിക**ൾ** | 1-7 |
| 9 | 2020-21 ലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ,2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് അക്കൗണ്ട് ചെയ്യാത്തതും 2020-21 ലെ ആവറേജ് പെൻഷൻ തുക പ്രതിമാസ പെൻഷൻ തുകയായ 1600രൂപയിലും കൂടുതൽ വരുന്നതും | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമസഭ | 1-10 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള അടിസ്ഥാന നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല. | 1-11 |
| 14 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല | 1-12 |
| 15 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത | 1-13 |
| 16 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - അപാകതകൾ | 1-14 |
| 17 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 1-15 |
| 18 | അനധികൃത കെട്ടിട രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-16 |
| 19 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-17 |
| 20 | തൊഴി**ൽ** നികുതി ഒടുക്കു വരുത്തിയതിലെ അപാകതക**ൾ** -കുറവ് വന്ന ₹800 ഈടാക്കേണ്ടതാണ് | 1-18 |
| 21 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-19 |
| 22 | മൂലധന നിക്ഷേപം രേഖപ്പെടുത്താതെ എഫ്.ടി.ഇ & ഒ എസ് ലൈസ**ൻ**സുകൾ അനുവദിച്ചു | 1-20 |

| | | |
|---|---|---|
| 23 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിൽ ₹2800 ഈടാക്കിയിട്ടില്ല | 1-21 |
| 24 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. | 1-22 |
| 25 | ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പറുകൾ സഞ്ചയയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല | 1-23 |
| 26 | വാടക ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 27 | തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ബാങ്ക് ബുക്കിൽ ലഭ്യമായിട്ടില്ല | 1-25 |
| 28 | ഇ ടെണ്ടർ ഫീ ₹3,59,289 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-26 |
| 29 | ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിലെ അപാകം | 1-27 |
| 30 | ക്ഷാമബത്ത കുടിശ്ശിക രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്. | 1-28 |
| 31 | പൊതു ടാപ്പുകളുടെ വെള്ളക്കരം -സംബന്ധിച്ച് | 1-29 |
| 32 | ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-30 |
| 33 | എസ്.എസ്.എ. വിഹിതം ന**ൽകൽ** അപാകങ്ങ**ൾ** | 1-31 |
| 34 | പങ്ക**ൻ**കുന്നു കുടിവെള്ള പദ്ധതിക്ക് കുഴ**ൽ**ക്കിണ**ർ** നി**ർ**മ്മാണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-32 |
| 35 | ഇടവിള കൃഷി പ്രോത്സാഹനം -പദ്ധതി അപാകങ്ങൾ | 1-33 |
| 36 | പാഷ**ൻ** ഫ്രൂട്ട് ഗ്രാമം പദ്ധതി -അപാകങ്ങ**ൾ** | 1-34 |
| 37 | കോസ്റ്റ് ഇൻഡക്സ് 38.24% തയ്യാറാക്കിയ എസ്റ്റിമേറ്റിന് ,പ്രവൃത്തിമൂല്യത്തോടൊപ്പം 12% ജി എസ് ടി തുക നൽകിയത് -₹ 17,043 നിരാകരിക്കുന്നു | 1-35 |
| 38 | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -അധികം തുക നൽകിയത് | 1-36 |
| 39 | കുളത്തിലെ മത്സ്യകൃഷി പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപാകതക**ൾ**- ₹1,50,705 തടസ്സപ്പെടുത്തുന്നു | 1-37 |
| 40 | ഗോത്ര സാരഥി പദ്ധതി- അപാകങ്ങ**ൾ** | 1-38 |
| 41 | പട്ടികജാതി, പട്ടികവ**ർ**ഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം പദ്ധതി - നി**ർ**മ്മാണം പൂ**ർ**ത്തീകരിച്ചില്ല ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-39 |
| 42 | പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹ 54458 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 43 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകളും രജിസ്റ്ററുകളും | 1-41 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല | |
| 44 | പേവിഷ നിർമ്മാർജ്ജനം - രേഖകൾ ലഭ്യമാക്കിയില്ല. | 1-42 |
| 45 | ഹരിത കർമ്മസേനക്ക് യൂണിഫോം, ഗ്ലൗസ് മുതലായവ വാങ്ങൽ – അപാകങ്ങൾ - ₹1027 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, ₹118973യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 46 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ₹164265 യുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-44 |
| 47 | പാലിയേറ്റീവ് പരിചരണ പദ്ധതി - ₹3293രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-45 |
| 48 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-46 |
| 49 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം രേഖകൾ ഹാജരാക്കാത്തത് -₹1,50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-47 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോസ്റ്റ് ഇൻഡക്സ് 38.24% തയ്യാറാക്കിയ എസ്റ്റിമേറ്റിന് ,പ്രവൃത്തിമൂല്യത്തോടൊപ്പം 12% ജി എസ് ടി തുക നൽകിയത് -₹17,043 നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണ സമിതി തീരുമാനം 43/2021 തിയ്യതി 15/2/21 പ്രകാരം ബജറ്റും 23/3/22 ലെ 77/2022 പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചിട്ടുണ്ട്

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2159393 | 2659393 |
| വരവ് | 262790000 | 170916145 |
| ആകെ | 264949393 | 173575538 |
| ചെലവ് | 261214300 | 158437622 |
| നീക്കിയിരിപ്പ് | 3735093 | 15137916 |

## 1-2 വാർഷീക ധനകാര്യ പത്രിക

പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 27/07/2022ലെ 167/2022 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷീക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 29.7.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ -

പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടെണ്ടർ ഫോമുകൾ ലഭിച്ചത് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് വിതരണം നടത്തുന്നത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഉദ്യോഗസ്ഥർക്ക് വിതരണം നടത്തുന്ന ടെണ്ടർ ഫോറങ്ങൾ ഓരോരുത്തരും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ വിനിയോഗിക്കാതെ ബാക്കിയുള്ളവ സെക്രട്ടറിക്ക് തിരിച്ച നൽകുന്നില്ല. ടെണ്ടർ ഫോറം വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

3. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ പ്രകാരം ലഭിക്കുന്ന ഡിസിബി പത്രികയാണ് സൂക്ഷിച്ചിട്ടുള്ളത്.

4.വാർഷിക കണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്തതിനാൽ ഇത് സംബന്ധിച്ച വിശദമായ പരിശോധന സാധ്യമായിട്ടില്ല.

5.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

7. ബി.4, ബി17 ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8.ബി.11 ഷെഡ്യൂൾ പ്രകാരം Other Fixed Assets. 36067 രൂപ മൂല്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തികളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9. വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഉദാഹരണമായി ഐ.സി.ഡി.എസ് പ്രോജക്റ്റുകൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ശുചിത്വമിഷൻ ഫണ്ട് തുടങ്ങിയവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന രീതീയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച കൃത്യമായ വരവ് ചെലവ് കണക്ക് കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

10. വസ്തു നികുതി - വാർഷിക കണക്കിലെ തുകകളും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11.ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂളിലെ തുക 10476 രൂപയും ബി 17 പ്രകാരമുള്ള തുക 9545രൂപയുമാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്- ബി 4 ഷെഡ്യൂളിലെ തുക 14381 രൂപയും ബി 17 പ്രകാരമുള്ള തുക 104രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

12.ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുക ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതാവശ്യത്തിന് ലഭിച്ചതാണെന്നും ഏത് വർഷം ലഭിച്ചതാണെന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 797406 |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ | 551922 |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ | 250000 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

13.2020-21സാമ്പത്തിക വർഷം ബി 1 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ എക്സസ് ഓഫ് ഇൻകം ഓവർ എക്സ് പെൻഡിച്ചർ ഹെഡിലെ തുകയും 2021-22 സാമ്പത്തിക വർഷം Surplus Of Income Over Expenditure Income ആയി രേഖപ്പെടുത്തിയ തുകയും കൂട്ടിയ തുകയല്ല തൻ വർഷം എക്സസ് ഓഫ് ഇൻകം ഓവർ എക്സ് പെൻഡിച്ചർ ആയി രേഖപ്പെടുത്തിയിട്ടുള്ളത്.

14.സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് റവന്യൂ ചെലവ് ചെയ്തപ്പോൾ തത്തുല്യമായ തുക Revenue Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല [MGNREGA, ICDS (Central Share), TSC, SSA].

15.2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം -33376196രൂപ ഡിപ്രിയിസേഷൻകണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ഹാജരാക്കിയിട്ടില്ല. സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക്മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽവിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ളഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യതപരിശോധിക്കാനായിട്ടില്ല.

16.CFC ഗ്രാന്റ് -B4 Schedule പ്രകാരമുള്ള തുക (₹5667840) B17 Schedule പ്രകാരമുള്ളതുകയുമായി (₹5716538) പൊരുത്തപ്പെടുന്നില്ല.

17. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ ബി11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

18. വാഹനത്തിന്റെ ( ജീപ്പ്, ട്രാക്ടർ ) ആസ്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

19. ബി3 ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഉൾപ്പെടുത്തിയ 60423720 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഐ എൽ ജി എം എസിൽ “വിവരണം” കൃത്യമല്ല.

20.ബി 4 , ആർ പി 30ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ പൂർണ്ണമായ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐ എൽ ജി എം എസ് ൽ ഹെഡ് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

21.സാമൂഹ്യ സുരക്ഷാ പെൻഷൻ- 2020-21 ലെ പെൻഷൻ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് ഐ 6, ഐ 14 ഡി ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം അതേ വർഷത്തെ പെൻഷൻ വിതരണം ചെയ്തത് മാത്രമാണ് ഉൾപ്പെടുത്തിയത്. വിശദവിവരങ്ങൾ ഖ -1-7-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

22-ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ 148/22, പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) പദ്ധതി പ്രകാരം വികസന ഫണ്ട് എസ് സി പി യിൽ നിന്നും ₹ 54458 രൂപ സാംഖ്യ (ബിൽ നമ്പർ : ₹ 21220552013900535491, 16-10-21) , എ സി ആർ, ക്യാഷ് ബുക്ക് എന്നിവ പ്രകാരം ചെലവ് ഉണ്ടെങ്കിലും ആയതു സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല

23-ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 200 /22, കറവപ്പശുക്കൾക്ക് കാലി തീറ്റ പദ്ധതി പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്നും ₹ 376500 രൂപ സാംഖ്യ (ബിൽ നമ്പർ : ₹ 21220552013900535491, 14 -03 -22) , എ സി ആർ, ക്യാഷ് ബുക്ക് എന്നിവ പ്രകാരം ചെലവ് ഉണ്ടെങ്കിലും ആയതു സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല.
24- ഭരണസമിതി അംഗങ്ങൾ, കരാർ ജീവനക്കാർ തുടങ്ങിയവരുടെ മാർച്ച് 2022 ലെ വേതനം, മറ്റ് അലവൻസുകൾ എന്നിവ ബി9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.
25- റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് 40(ബി) പ്രകാരമുള്ള MNREGS നീക്കിയിരിപ്പ് തുക (₹104) ബി4 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല (₹14381)

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,13,97,543.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,00,46,891.00 |
| ആകെ | 10,14,44,434.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,81,67,570.00 |
| നീക്കിയിരിപ്പ് | 2,32,76,864.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,070 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,74,136 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) (ജി.ഒ പ്രൊജക്ട് ഒഴികെ) | 0 | 16521466 | 16521466 | 16521248 | 218 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | 0 | 836000 | 836000 | 714100 | 121900 |
| വികസന ഫണ്ട് ടിഎസ് പി (ACR പ്രകാരം) | 0 | 2931334 | 2931334 | 2931334 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 11270000 | 11270000 | 10948869 | 321131 |
| മെയിന്റനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 6090310 | 6090310 | 1493577 | 4596733 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 13232874 | 13232874 | 5851091 | 7381783 |
| എംജിഎൻആർഇജിഎസ് | 7121 | 42395100 | 42402221 | 42402117 | 104 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ് | 220831 | 1089619 | 1310450 | 857481 | 452969 |
| ടിഎസ് സി | 1662401 | 0 | 1662401 | 0 | 1662401 |
| സാക്ഷരത | 114656 | 0 | 114656 | 0 | 114656 |
| വിമുക്തി | 3228 | 0 | 3228 | 0 | 3228 |
| അങ്കണവായി നെയിം ബോർഡ് സ്ഥാപിക്കൽ | 72000 | 0 | 72000 | 65000 | 7000 |
| അഗതി രഹിത കേരളം | 250000 | 0 | 250000 | 0 | 250000 |
| എം പി ഫണ്ട് | 10637 | 0 | 10637 | 0 | 10637 |
| ശുചിത്വം | 1778745 | 93139 | 1871884 | 1217051 | 654833 |

ഗ്രാന്റ് പത്രിക ഹാജരാക്കിയിട്ടില്ല.

വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി, മെയിന്റനൻസ് ഫണ്ട് റോഡിതരം, ചെലവുതുക സുലേഖയിലെ തുകയും എ.സി.ആറിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 168 | 125 | 8,73,24,174 | 92 | 33 | 43 | 5,20,12,542 | 55 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 1686328 | 7 | 1096832 | 7 | 65 |
| 2 | വെറ്റിനറി സർജൻ | 31,92,000 | 4 | 18,97,458 | 4 | 59 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | 25,35,230 | 7 | 15,49,776 | 5 | 61 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 9,00,000 | 1 | 9,00,000 | 1 | 100 |
| 5 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 3,00,000 | 1 | 3,00,000 | 1 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 3,09,54,015 | 20 | 1,35,02,215 | 19 | 44 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 66,00,000 | 7 | 52,57,234 | 5 | 80 |
| 9 | സെക്രട്ടറി | 74,76,285 | 29 | 55,93,562 | 20 | 75 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 2,58,78,116 | 72 | 1,84,17,660 | 48 | 71 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 23,03,200 | 10 | 12,95,500 | 8 | 56 |
| 12 | ഹെഡ് മാസ്റ്റർ, | 10,00,000 | 6 | 2,19,600 | 3 | 22 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 15,99,000 | 2 | 1,50,705 | 2 | 9 |
| 14 | ഡയറി ഫാം ഇൻസ്പെക്ടർ | 29,00,000 | 2 | 18,32,000 | 2 | 63 |
| ആകെ | | 8,73,24,174 | 168 | 5,20,12,542 | 125 | 60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ട് | ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ഭരണ ചെലവ് | 7121 | 637318 | 644439 | 644335 | 104 |
| | തൊഴിലാളികളുടെ കൂലി, | 0 | 41757782 | 41757782 | 41757782 | 0 |
| | മെറ്റീരിയൽ ചെലവ് | 0 | 2850231 | 2850231 | 2850231 | 0 |
| ആകെ | | 7121 | 42395100 | 42402221 | 42402117 | 104 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4665200 | 2370 |
| വിധവാ പെൻഷൻ | 13737900 | 922 |
| വാർദ്ധക്യകാല പെൻഷൻ | 31066100 | 922 |
| ഭിന്നശേഷി പെൻഷൻ | 5164400 | 347 |
| അവിവാഹിത പെൻഷൻ | 1607600 | 104 |

### 1-7-1 2020-21 ലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ,2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് അക്കൗണ്ട് ചെയ്യാത്തതും 2020-21 ലെ ആവറേജ് പെൻഷൻ തുക പ്രതിമാസ പെൻഷൻ

തുകയായ 1600രൂപയിലും കൂടുതൽ വരുന്നതും

സാമൂഹ്യ സുരക്ഷാ പെൻഷൻ- 2020-21 ലെ പെൻഷൻ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് ഐ 6, ഐ 14 ഡി ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം അതേ വർഷത്തെ പെൻഷൻ വിതരണം ചെയ്തത് മാത്രമാണ് ഉൾപ്പെടുത്തിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ തരം | 2020-21 ലെ പെൻഷൻ വിതരണം | | വ്യത്യാസം(2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത്) | 2021-22 ലെ പെൻഷൻ വിതരണം (As On 31.03.22) (വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ തുക) | 2021-22 ൽ വിതരണം ചെയ്ത ആകെ തുക |
|---|---|---|---|---|---|
| | As On 31.03.21 | As On 31.03.22(*) | | | |
| കർഷക തൊഴിലാളി പെൻഷൻ | 4848600 | 7107000 | 2258400 | 4665200 | 6923600 |
| വാർധക്യകാല പെൻഷൻ | 27751000 | 41491900 | 38716800 | 31066100 | 69782900 |
| ഭിന്നശേഷി പെൻഷൻ | 4807100 | 7146200 | 2339100 | 5164400 | 7503500 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1501400 | 2231900 | 730500 | 1607600 | 2338100 |
| വിധവാ പെൻഷൻ | 12755300 | 18955500 | 6200200 | 13737900 | 19938100 |

(*)2020-21 സാമ്പത്തിക വർഷത്തെ ആകെ പെൻഷൻ ചെലവ്

2020-21 സാമ്പത്തിക വർഷത്തെ ഓരോ ഇനത്തിലുമുള്ള ആവറേജ് പെൻഷൻ തുക പ്രതിമാസ പെൻഷൻ തുകയായ 1600രൂപയിലും കൂടുതൽ വരുന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്.

| ഇനം | ആകെ പെൻഷൻ കൗണ്ട് | വിതരണം ചെയ്ത തുക | ആവറേജ് |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3622 | 7107000 | 1962 |
| വാർധക്യകാല പെൻഷൻ | 21770 | 41491900 | 1906 |
| ഭിന്നശേഷി പെൻഷൻ | 3516 | 7146200 | 2032 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1073 | 2231900 | 2080 |
| വിധവാ പെൻഷൻ | 8968 | 18955500 | 2114 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-03-2023 ന് 4.00 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹85,315 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

2021-22 വർഷം സ്റ്റാഫ് മീറ്റിംഗുകൾ പ്രതിമാസം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്

പഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല . ഇൻകുമ്പൻസി രജിസ്റ്റർ ,അനധികൃത കെട്ടിട രജിസ്റ്റർ,റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല ഓഫീസ് ഉത്തരവുകൾ സമയാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സമഗ്ര ജോലി വിഭജനം ഇക്കാലയളിൽ ഉത്തരവാക്കിയിട്ടില്ല .

നികുതി പിരിവ് പുരോഗതി , വസ്തു നികുതിയിൽ വർദ്ധനവ് വരുത്തേണ്ടത് സംബന്ധിച്ച കാര്യങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. വസ്തു നികുതി ഈടാക്കുന്നതിൽ ചില പോരായ്മകൾ ഉണ്ടെന്നും , മുഴുവൻ വാർഡുകളിലേയും കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾ പരിശോധിച്ച് നികുതി പരിഷ്ക്കരിക്കുന്നതിന് , ഭരണസമിതിയോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

വസ്തു നികുതിയിൽ ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള അടിസ്ഥാന നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല. 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചില കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല .കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലും അപാകത കാണുന്നുണ്ട് .ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക 2013-14 മുതൽ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. മൂലധന നിക്ഷേപം പരിശോധിക്കാതെയാണ് എഫ്.ടി.ഇ & ഒ എസ് ലൈസൻസുകൾ അനുവദിച്ചിരിക്കുന്നത് .ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസും ഈടാക്കിയിട്ടില്ല . നികുതി പിരിവ് കാര്യക്ഷമമാക്കി തനത് ഫണ്ട് മുതൽ കൂട്ടുന്നതിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതികളുടെ ജയ പരാജയ സാധ്യതകളും മോണിറ്ററിംഗും വിലയിരുത്തേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല . മിക്ക വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിലും അജണ്ട തീരുമാനം എന്നിവയൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

## 1-10 ഗ്രാമസഭ

പേരാവൂർ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022 ജനവരി മാസം ഒരു തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ താഴെ പറയുന്നവയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപപദ്ധതി - പദ്ധതി നിർദ്ദേശങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, 2022-23 ലേബർ ബജറ്റ് അംഗീകരിക്കൽ, ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2020-21 വർഷത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, പെൻഷൻ പദ്ധതി- ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, അതിദാരിദ്ര്യ നിർണ്ണയം – ഗുണഭോക്താക്കളെ അംഗീകരിക്കൽ, പ്ലാസ്റ്റിക്ക് ഫ്രീ പേരാവൂർ, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, ഓഡിറ്റ് റിപ്പോർട്ട് 2018-19.ഗ്രാമസഭകളിൽ മേൽവിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതാത് ഗ്രാമസഭയിൽ പങ്കെടുത്തവരിൽ പതിനഞ്ചു പേരെങ്കിലും മിനുട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള അടിസ്ഥാന നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം നിരക്കുകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയവയനുസരിച്ച് ഉത്തരവുകളിൽ പരാമർശിച്ച ഇനങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. മേൽ ഉത്തരവുകൾ പ്രകാരം വിവിധ കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതിയുടെ പരിധി ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | കെട്ടിട ഇനം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം | 3 | 8 |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ, വർക്ക്ഷോപ്പ് | | |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 |

എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ മേൽ പട്ടികയിൽ പരാമർശിച്ച വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് 5/16.03.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ പട്ടികയിൽ പരാമർശിച്ച ഇനം കെട്ടിടങ്ങൾക്ക് നാളിതു വരെ കെട്ടിട നിർമാണ പെർമിറ്റ്, കെട്ടിട നമ്പർ, ലൈസൻസ് മുതലായവ അനുവദിക്കേണ്ടി വന്നിട്ടില്ലാത്തതിനാലാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കാത്തതെന്നും അടുത്ത ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിലും പഞ്ചായത്ത് ഭരണ സമിതിയിലും മേൽ വിഷയം ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടത്തിന് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 9/335 | 87.55 ച.മീ | കൊച്ചു വീട്ടിൽ ജോൺ | രേഖപ്പെടുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് 16/16.03.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ കെട്ടിടം വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹമായതു കൊണ്ടാണ് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി 2021-22 വർഷം വസ്തു നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ പട്ടികയിൽ 9/335 നമ്പർ കെട്ടിടം ഉൾപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി ഇളവ് അനുവദിക്കുന്നതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത

ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 40 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 80 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നികുതി നിർണ്ണയം നടത്തിയ വർഷം | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|---|
| 1 | കൊയിറ്റിയത്ത് സന്തോഷ് കുമാർ | 6/343 B,C,D | 30.07+30.07+76.63<br>ആകെ -136.77 | 2018-19 | 40 | 60 |
| 2 | വടക്കുംചേരി ജോസ് | 9/306 A,G,E,F | 94.5+17.85+17.85+17.85<br>ആകെ - 130.2 | 2018-19 | 40 | 60 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26-05-2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം / സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ

വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ)1014/2021/തസ്വഭവ തീയതി 19.05.2021 ഉത്തരവ് പ്രകാരം 2021-22 വർഷത്തെ നികുതി ഇളവിനായുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ട തീയതി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളെ ഈ ഗണത്തിൽ ഉൾപ്പെടുത്തി 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സമയ പരിധിക്കുള്ളിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 407 |
| 2 | 119 A, 481, 545 |
| 4 | 120, 247, 302 |
| 5 | 74, 100 A, 134, 178, 218, 221, 238, 241, 418 A |
| 6 | 116 B, 129 A, 145, 184, 190, 204, 205, 242, 264, 337, 535 |
| 7 | 105, 156, 194, 208 A, 210, 265, 275, 276 |
| 8 | 521 A, 522 |
| 9 | 76, 92 A, 109, 141, 154, 155 A, 171, 194, 213, 231 A, 261, 336, 348 A, 360, 415 |
| 10 | 191, 124, 228, 290, 300, 376 |
| 11 | 14, 159 |
| 12 | 50, 390 |
| 13 | 325 |
| 14 | 305, 336 A, 363, 369 |
| 15 | 252, 274 |

2) സാക്ഷ്യപത്രം ഹാജരാക്കേണ്ട അവസാന തീയതിക്ക് ശേഷവും അപേക്ഷകൾ സ്വീകരിച്ച് വസ്തുനികുതിയിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷസമർപ്പിച്ച തിയതി | കെട്ടിട നമ്പർ |
|---|---|---|
| ഉമേഷ് നാരായണൻ | 24.08.21 | 6/497 A |
| ബേബി പി പി | 14.07.21 | 4/302 A |
| സുധീഷ് ബാബു കെ.വി | 21.09.21 | 15/163 A |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ

ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ സർക്കാർ നിർദ്ദേശിച്ച തീയതിക്കുള്ളിൽ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗക്രമം | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1/3 | മേരിയമ്മ ജോസഫ് | പാർപ്പിടം | 106 | 2020-21 ആദ്യ പകുതി മുതൽ |
| 2/463 | പ്രദിപ് ടി | പാർപ്പിടം | 398 | 2020-21 ആദ്യ പകുതി മുതൽ |
| 3/44 | അരയാക്കൽ കദീജ | പാർപ്പിടം | 1250 | 2020-21 ആദ്യ പകുതി മുതല് |
| 3/187 A | ശശി മാവിലോൻ | പാർപ്പിടം | 314 | 2020-21 ആദ്യ പകുതി മുതൽ |
| 11/120 | എസ് കമറുദ്ദീൻ | പാർപ്പിടം | 240 | 2020-21 ആദ്യ പകുതി മുതൽ |
| 11/795 | പി എ കുഞ്ഞിമൂസ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 3177 | 2019-20 ആദ്യ പകുതി മുതൽ |
| 11/1202 | തഹസിൽദാർ ഇരിട്ടി | ഓഫീസ് ആവശ്യത്തിനുള്ളവ | 9702 | 2013-14 ആദ്യ പകുതി മുതൽ |
| 12/537 E | എം കെ സുധാകരൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , | 3070 | 2020-21 ആദ്യ പകുതി |

| | | | | |
|---|---|---|---|---|
| | | റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | | മുതൽ |
| 12/564 | പി വി ശങ്കരൻ നായർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 238 | 2013-14 ആദ്യ പകുതി മുതൽ |
| 12/565 | | | 485 | |
| 12/566 | | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 75,116 | |
| 15/51 | പൂവ്വച്ചേരി പുഷ്പജൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 98 | 2020-21 ആദ്യ പകുതി മുതൽ |
| 15/52 | | | 98 | |
| 15/53 | | | 98 | |
| 15/54 | | | 636 | |
| 15/55 | | | 636 | |
| 15/61 | ടി കെ ബോസ് | പാർപ്പിടം | 1548 | 2019-20 ആദ്യ പകുതി മുതൽ |
| 15/191 | തഹസിൽദാർ ഇരിട്ടി | ഓഫീസ് ആവശ്യത്തിനുള്ളവ | 8702 | 2013-14 ആദ്യ പകുതി മുതൽ |
| 16/5 | ചെയർമാൻ റബ്ടെക് ഇന്ത്യ ലിമിറ്റഡ് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 10123 | 2013-14 രണ്ടാം പകുതി മുതൽ |
| 16/6 | | ഓഫീസ് ആവശ്യത്തിനുള്ളവ | 80375 | |
| 16/7 | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 13498 | |
| 16/9 | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 4735 | 2013-14 ആദ്യ പകുതി മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഇനത്തിലുള്ള തുകകൾ ഈടാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിട രജിസ്റ്റർ പരിപാലിക്കുന്നില്ല

സഞ്ചയ പ്രകാരം പേരാവൂർ ഗ്രാമ പഞ്ചായത്തിൽ നാല് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | XI/118 C | മാച്ചേരി ഷക്കീല | പാർപ്പിടാവശ്യം |
| 2 | XII/126 A | കൊയിലി ലീല | പാർപ്പിടാവശ്യം |
| 3 | XII/208 A | ഇരിപ്രാക്കുന്നിൽ വിജയൻ | പാർപ്പിടാവശ്യം |
| 4 | XV/240 B | വരിക്കോളി സുലോചന | പാർപ്പിടാവശ്യം |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള അനധികൃതകെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിവരങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുള്ള മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്ക്കർഷിക്കുന്ന പ്രകാരം രജിസറ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ -കുറവ് വന്ന ₹800 ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ കാണാൻ

സാധിച്ചു.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| KSFE ലിമിറ്റഡ് | ഭാർഗ്ഗവി വി വി | പി ടി എസ് | I | 111996 | 750 | 1000 | 250 |
| | | | II | 122682 | 750 | 1000 | 250 |
| പേരാവൂർ ക്ഷീര വ്യവസായ സഹകരണ സംഘം | ടി രഗിലേഷ് | ക്ലീനർ | I | 59,148 | 300 | 450 | 150 |
| | | | II | 59,148 | 300 | 450 | 150 |
| | ആകെ തുക | | | | | | 800 |

B) BSNL പേരാവൂരിൽ നിന്ന് രണ്ടു പകുതികളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

C) പഞ്ചായത്തുമായി 2021-22 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

D) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 18/16.03.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുകകൾ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ₹800 ഈടാക്കേണ്ടതും മറ്റ് അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-19 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2021-22 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 43 | ബാർ | 12 |
| 86 | ഫാമിലി ഫാഷൻ | 5 |
| 114 | കാർ കെയർ സർവ്വീസ് സെന്റർ | 4 |
| 115 | കാർ കെയർ സർവ്വീസ് സെന്റർ | 6 |
| 116 | ഓട്ടോ ഗാരേജ് | 6 |
| 197 | പ്രിയ ഹോട്ടൽ | 4 |

| | | |
|---|---|---|
| 225 | സ്പെയർ പാർട്സ് സർവീസ് | 5 |
| 245 | സ്നേഹ ഓയിൽ മിൽ | 4 |
| 256 | കേക്ക്സ് വേൾഡ് | 4 |
| 264 | അനാദി കച്ചവടം | 4 |
| 273 | ഐഡിയൽ ഫർണിച്ചർ | 4 |
| 307 | ഡേ ടു ഡേ സൂപ്പർ മാർക്കറ്റ് | 5 |
| 355 | യൂക്കോൺസ് എഞ്ചിനീയറിംഗ് | 4 |
| 405 | ജനകീയ ഹോട്ടൽ | 4 |
| 408 | ടി വി എസ് ടു വീലർ സേൽസ് | 7 |
| 463 | തൊണ്ടിയിൽ സോ മിൽ | 5 |
| 473 | ബാലാസ് ബേക്കറി | 4 |
| 478 | ജൈവ സമൃദ്ധി വളം വിൽപന | 7 |
| 519 | ത്രിഷ ലേഡീസ് ടൈലറിംഗ് ഷോപ്പ് | 5 |
| 541 | ബ്ലൂ വേവ് ഡിജിറ്റൽ വേൾഡ് | 6 |
| 558 | ഡെൽ മോർ ഓട്ടോമോട്ടീവ്സ് | 6 |
| 562 | ന്യൂ പേരാവൂർ ബേക്കേർസ് | 4 |

ഇത് സംബന്ധിച്ച് 32/17.03.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 മൂലധന നിക്ഷേപം രേഖപ്പെടുത്താതെ എഫ്.ടി.ഇ & ഒ എസ് ലൈസൻസുകൾ അനുവദിച്ചു

31.10.2017 ന് പ്രാബല്യത്തിൽ വന്ന സ ഉ (പി) നം 80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ്

ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ/ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് ലൈസൻസ് ഫീസ് ഈടാക്കി കാണുന്നത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6 തീയതി 16.03.2023) മറുപടിയായി 29.07.2021 ലെ സ ഉ (കൈ) നം.156/2021/തസ്വഭവ പ്രകാരം പുതിയ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ സ്ഥലപരിശോധനയുടെ ആവശ്യമില്ലെന്നും ഒക്യുപ്പൻസി പരിശോധിച്ച് ഉറപ്പ് വരുത്തിയാൽ മതിയെന്നും നിർദ്ദേശിച്ചിരുന്നതിനാലാണ് മൂലധന നിക്ഷേപം രേഖപ്പെടുത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസുകൾ 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 29.07.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയില്ല എന്ന മറുപടി തൃപ്തികരമല്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ലൈസൻസ് ഫീസ് നിശ്ചയിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-21 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിൽ ₹2800 ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന്മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ടിയിരുന്ന റണ്ണിങ് ഫീസ് |
|---|---|---|---|---|---|
| 15 | ലില്ലി ജോസ് | കടകച്ചിറ ഓയിൽ & ഫ്ലോർ മിൽ | 8/129 | 10 HP | 100 |
| 20 | - | സൌഭാഗ്യ ന്യൂട്രിമിക്സ് | 5/277 | 10 HP | 100 |
| 97 | ബിജു ഇ വി | ഇന്ദിര റൈസ് ഫ്ലോർ & ഓയിൽ മിൽ | 8/354 A | 15 HP | 200 |
| 98 | സാദിഖ് എം | ദീന ബേക്കറി | 11/468 D | 6 HP | 100 |
| 168 | ടി പി എസ്തപ്പാൻ | സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസ് | 7/337 | 10 HP | 100 |
| 181 | പീറ്റർ പി ജെ | ആൻ സർവീസ് സ്റ്റേഷൻ | 11/5 | 10 HP | 100 |
| 231 | അരുൺ കുമാർ സി | ഓയിൽ & റൈസ് മിൽ | 6/486 | രേഖപ്പെടുത്തിയിട്ടില്ല | - |
| 236 | ബേബി ലസിത കെ | വീനസ് ഫ്ലോർ & ഓയിൽ മിൽ | 1/60 B,C | 10 HP | 100 |
| 295 | നിർമല ജോസഫ് | നിർമല ഓയിൽ & ഫ്ലോർ മിൽ | 9/306 | 25 HP | 300 |
| 306 | അന്ന അന്ന തോമസ് | സെന്റ് ആൻസ് ഓയിൽ & ഫ്ലോർ മിൽ | 4/328 F | 30 HP | 300 |
| 421 | വിപിൻ ഇ | ഇന്ദിര ഫ്ലോർ & | 9/5 F | 10 HP | 100 |

| | | | | | |
|---|---|---|---|---|---|
| | വി | ഓയിൽ മിൽ | | | |
| 423 | റിനേഷ് പി | ക്വാളിറ്റി ഓയിൽ & ഫ്ലോർ മിൽ | 12/266 E,F | 20 HP | 200 |
| 430 | മനോഹരൻ വി | മുള്ളേരിക്കൽ ഫ്ലോർ മിൽ | 10/158 B | 10 HP | 100 |
| 436 | ജിജേഷ് പി കെ | ഫ്രണ്ട്സ് എഞ്ചിനീയറിങ് വർക്ക്സ് | 15/ 141, 142 | 10 HP | 100 |
| 463 | മേരി ജോണി | തൊണ്ടിയിൽ സോ മിൽ | 7/315 | 45 HP | 500 |
| 466 | അനിൽ എം ആർ | വാഹനങ്ങളുടെ ബോഡി വെൽഡിംഗ് | 2/19 A,B | 9 HP | 100 |
| 494 | ശശിധരൻ കെ | സൌപർണിക ഹോളോ ബ്രിക്സ് | 5/364 A | 7 HP | 100 |
| 555 | സിന്ധു കെ വി | ഹോളോ ബ്രിക്സ് നിർമാണം | 4/118 A | 10 HP | 100 |
| 629 | സജിൽ പുതിയ വീട്ടിൽ | പ്രവാസി ഗ്രൈൻഡിംഗ് സെന്റർ | 12/472 | 7 HP | 100 |
| | ആകെ | | | | 2800 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15 തീയതി 16.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക (₹2800) ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്.

ഗ്രാമപഞ്ചായത്തിൽ 2021-22 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 66 | കെ ജനാർദ്ദനൻ | മലഞ്ചരക്ക് വ്യാപാരം | 11/1033 | പാർപ്പിടാവശ്യം |
| 88 | തോമസ് കെ പി | കാറ്ററിംഗ് സർവ്വീസ് | 8/293 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ |
| 94 | ഡോ വി. രാമചന്ദ്രൻ | മരുന്നുകൾ സ്റ്റോക്ക് ചെയ്ത് വിൽപന | 11/542 | പാർപ്പിടാവശ്യം |
| 95 | ഷാജു എം ജോർജ്ജ് | ചക്ക ഉൽപന്നങ്ങൾ നിർമിച്ച് വിൽപന | 15/91 A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |

| | | | | |
|---|---|---|---|---|
| 163 | ഷിബു സെബസ്റ്റ്യൻ | അലൂമിനിയം ഫാബ്രിക്കേഷൻ | 11/37 | പാർപ്പിടാവശ്യം |
| 183 | രാജേന്ദ്രൻ കെ വി | ബേക്കറി ഉൽപങ്ങൾ നിർമാണവും വിൽപനയും | 12/336 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 245 | ബ്രദർ എം ജെ സ്റ്റീഫൻ | സ്നേഹ ഓയിൽ നിർമാണം | 16/13 A | പാർപ്പിടാവശ്യം |
| 256 | ശിവാനി സുരേന്ദ്രൻ | കേക്ക് നിർമാണം, വിൽപന | 12/601 A | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 270 | അഷിതാ ജോഷി | തേനീച്ച വളർത്തൽ | 9/270 | പാർപ്പിടാവശ്യം |
| 278 | റഫീഖ് പി വി | ബേക്കറി ഉൽപങ്ങൾ നിർമാണവും വിൽപനയും | 11/114 | പാർപ്പിടാവശ്യം |
| 292 | ദിവ്യ പി | അലൂമിനിയം സാധനങ്ങൾ വിൽപന | 5/316 | പാർപ്പിടാവശ്യം |
| 299 | വിജേഷ് വി എസ് | പൌർണമി ഫൂട്ട് വെയർ | 11/214 | പാർപ്പിടാവശ്യം |
| 346 | ടി ഗംഗാധരൻ | ദാഹശമനി, മർമാണി തൈലം വിൽപന | 12/70 | പാർപ്പിടാവശ്യം |
| 350 | വി മധുസൂധനൻ | പലചരക്ക് കട | 1/166 | പാർപ്പിടാവശ്യം |
| 434 | ചോടത്ത് വേണഗോപാലൻ | കേശതൈലം, എണ്ണ നിർമിച്ച് വിൽപന | 6/491 | പാർപ്പിടാവശ്യം |
| 519 | ഷീന പി | വസ്ത്രം നിർമിച്ച് വിൽപന | 1/130 A | പാർപ്പിടാവശ്യം |
| 524 | സ്റ്റാനി ടി ജെ | വസ്ത്രം നിർമിച്ച് വിൽപന | 9/112 | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17 തീയതി 16.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കേണ്ടതും ആയത് തെറ്റാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും, സഞ്ചയയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

എഫ്.ടി.ഇ.& ഓ.എസ് ലൈസൻസ് അനുവദിക്കുമ്പോൾത്തന്നെ സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വസ്തുനികുതി അനുയോജ്യമായ ഉപയോഗ ഗണത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പറുകൾ സഞ്ചയയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പറുകൾ (ലൈസൻസ് അപേക്ഷയിലും രജിസ്റ്ററിലും രേഖപ്പെടുത്തിയത്) സഞ്ചയയിൽ പരിശോധിച്ചപ്പോൾ ആയവ സഞ്ചയയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് | സ്ഥാപന | സംരംഭം | വാർഡ്/കെട്ടിട |
|---|---|---|---|

| രജിസ്റ്ററിലെ ക്രമ നമ്പർ | ഉടമയുടെ പേര് | | നമ്പർ |
|---|---|---|---|
| 44 | കെ ബിന്ദു | വർക്ക് ഷോപ്പ് | 6/350 A |
| 82 | പുഷ്പ സി | ലാബ് നടത്തുന്നതിന് | 11/597 |
| 115 | കുഞ്ഞികൃഷ്ണൻ പി കെ | കാർ കെയർ സർവീസ് സെന്റർ | 9/227 B |
| 157 | മുഹമ്മദ് കെ | മലഞ്ചരക്ക് വ്യാപാരം | 11/250 K |
| 188 | ജോൺ എ ജെ | അനാദി കച്ചവടം | 11/349 B |
| 237 | മാത്യു പോൾ | വെൽഡിംഗ് ഷോപ്പ് | 7/495 A |
| 306 | അന്ന അന്ന തോമസ് | സെന്റ് ആൻസ് ഓയിൽ & ഫ്ലോർ മിൽ | 4/382 F |
| 396 | പ്രദീപ് കുമാർ കെ പി | എം പി മെഡിക്കൽസ് | 5/512 D |
| 469 | ഉസ്മാൻ അബ്ദുള്ള | വസ്ത്ര വിൽപന | 11/880 M |
| 483 | ബിന്ദു കെ | വസ്ത്ര വിൽപന | 8/366 |
| 559 | ശരത് ലാൽ | ബാഗ് വർക്ക്സ് | 11/25 E |
| 587 | ബെന്നി റോക്കി | ഫർണിച്ചർ വിൽപന | 7/68 B |
| 634 | ജോസ് പ്രദീഷ് തോമസ് | അക്കൌണ്ടിംഗ് സ്ഥാപനം | 5/214 B |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ച വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പറുകൾ പരിശോധിക്കേണ്ടതും ആയവ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 വാടക ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സൂപ്പർ മാർക്കറ്റ് കെട്ടിടത്തിലെ മുറികളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട വാടക ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 33 തീയതി 17.03.2023 മുഖേന വാടക ബൈലോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. വാടക ബൈലോ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ബാങ്ക് ബുക്കിൽ ലഭ്യമായിട്ടില്ല

തനത് ഫണ്ടുമായി ബന്ധപ്പെട്ട ഇടപാടുകൾക്കായി പേരാവൂർ റീജിയണൽ സർവീസ് സഹകരണ ബാങ്കിന്റെ പേരാവൂർ ബ്രാഞ്ചിൽ 102100020003290 നമ്പർ അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും പരിശോധിച്ചതിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച ചില തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വന്നിട്ടില്ലെന്ന് കാണാൻ സാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം | തുക | തുക പിൻവലിച്ച തീയതി |
|---|---|---|
| 27832 | 1,20,000 | 03.03.2022 |
| 27832 | 60,858 | 03.03.2022 |
| 27832 | 4687 | 03.03.2022 |
| 27832 | 2438 | 03.03.2022 |
| 27832 | 1920 | 03.03.2022 |
| 27832 | 945 | 03.03.2022 |
| 27832 | 1890 | 03.03.2022 |
| 27832 | 4875 | 03.03.2022 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 ഇ ടെണ്ടർ ഫീ ₹3,59,289 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 7/16.3.23 ന് മറുപടിയായി, 1.4.2018 മുതൽ 31.3.2022 വരെ ആകെ ₹359289 ഗ്രാമ പഞ്ചായത്തിന് ഈയിനത്തിൽ ലഭിക്കാനുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| വർഷം | തുക |
|---|---|
| 2018-19 | 1,44,132 |
| 2019-20 | 65,605 |
| 2020-21 | 75,682 |
| 2021-22 | 73,870 |
| ആകെ തുക | 3,59,289 |

ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള ₹ 3,59,289 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്. തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിലെ അപാകം

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | ജോർജ്ജ് പി എൽ, സീനിയർ ക്ലർക്ക് | 22100150 തീയതി 04.07.2021 | 49,395 |
| 2 | സന്ധ്യ കെ.പി , സീനിയർ ക്ലർക്ക് | | 49,395 |
| 3 | സ്മിത വി , സീനിയർ ക്ലർക്ക് | | 49,395 |
| 4 | രാജൻ ഈരായി , ഡ്രൈവർ, ഗ്രേഡ് I | | 33,633 |
| 5 | ശ്രീകല സി, ക്ലർക്ക് | | 30,304 |
| 6 | മഞ്ജു മോൾ ടി എം, ക്ലർക്ക് | | 30,304 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28 തീയതി 17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലീവ് സറണ്ടർ സംബന്ധിച്ച് സർക്കാരിന്റെ തുടർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-28 ക്ഷാമബത്ത കുടിശ്ശിക രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്.

ശമ്പള പരിഷ്കരണത്തെ തുടർന്നുള്ള ക്ഷാമബത്താ കുടിശിക വൗച്ചർ നമ്പർ 22100289/25.07.21 (25851രൂ), 22100290/25.07.21 (62591രൂ) ജീവനക്കാരുടെ പിഎഫ് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(1) ജി.ഒ(പി) 25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് വൗച്ചർ നമ്പർ 22100081/07.05.21 , 22100082/07.05.21 എന്നിവ പ്രകാരം അനുവദിച്ചിട്ടുണ്ട് . ഇത് പ്രകാരം ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ 01/2020 മുതൽ 32% കുടിശ്ശികയും 07/2020 മുതൽ 36% കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ വൗച്ചർ നം.22100289 തീയതി-25.07.2021, 22100290 തീ.25.07.2021 എന്നിവ പ്രകാരം റിവൈസ്ഡ് സ്കെയിലിലും 01/2020 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. റിവൈസ്ഡ് സ്കെയിലിൽ കുടിശിക കണക്കാക്കുമ്പോൾ ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്തയിനത്തിൽ (-) തുകയാണ് ലഭിക്കുക. കുടിശ്ശികയായി കാണിച്ച തുക ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഭാഗമായി വരുന്നതായിരിക്കാനാണ് സാധ്യത. ജി.ഒ(പി)25/2021/ധന തീയതി 08-02-2021, ഖണ്ഡിക 43 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശികക്ക് 25% ന്റെ 4 ഗഡുക്കളായി 01-04-2023, 01-10-2023, 01-04-2024, 01-10-2024 തീയതികളിൽ പി എഫിൽ ലയിപ്പിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അനുമതി ലഭിക്കുന്നതിന് മുന്നേ തുക പി.എഫിൽ ലയിപ്പിച്ചതിന് കാരണം വ്യക്തമല്ല.

(2) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. ജീവനക്കാർ പേരാവൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടുത്തിയും മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയുമാണ് കുടിശ്ശിക അനുവദിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | പേരാവൂർ ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | പ്രസാന്ത് ആർ ആർ, അസി. സെക്രട്ടറി | 10-12-2019 | 103081 | 01-01-2019 മുതൽ 09-12-2019 വരെ ജോലി ചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 2 | പവിത്രൻ പി, ജൂനിയർ സൂപ്രണ്ട് | 16-06-2020 | 105317 | 01-01-2019 മുതൽ 15-06-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 3 | സ്മിത വി, സീനിയർ ക്ലാർക്ക് | 06-08-2020 | 87123 | 01-01-2019 മുതൽ 05-08-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 4 | ശ്രീകല സി, ക്ലാർക്ക് | 05-08-2019 | 45817 | 01-01-2019 മുതൽ 04-08-2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 5 | മഞ്ജു മോൾ ടി എം, ക്ലാർക്ക് | 28-10-2019 | 41637 | 01-01-2019 മുതൽ 27-10-2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |
| 6 | ഉഷ എം. ഓഫീസ് അറ്റൻഡന്റ് | 03-11-2020 | 52670 | 01-01-2019 മുതൽ 02-11-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് |

| | | | | |
|---|---|---|---|---|
| | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41 തീയതി 18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 പൊതു ടാപ്പുകളുടെ വെള്ളക്കരം -സംബന്ധിച്ച്

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 16 ടാപ്പുകളുടെ വാട്ടർ ചാർജ്ജായ ₹7351 പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ തുക മാത്രമാണ് അടവാക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന ഓഡിറ്റ് വർഷം നടത്തിയതിന്റെ സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29 തീയതി 17.03.2023) മറുപടിയായി വാട്ടർ അതോറിറ്റിയുമായി അവസാനമായി സംയുക്ത പരിശോധന നടത്തിയത് 04.02.2017 ലാണെന്നും ടാപ്പുകളെല്ലാം പ്രവർത്തന ക്ഷമമാണോ എന്ന് പരിശോധിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് 24.02.2023 തീയതിയിൽ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 4/22,ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ/ചെലവ് | ₹60000(വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 11/2021-22 തീയതി 06-10-2021 |

ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള 57047023512 അക്കൗണ്ടിലേക്ക് തുക ₹60000 ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38 /18-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 എസ്.എസ്.എ. വിഹിതം നൽകൽ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 1/22, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 802085 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 802085, BRN:21220552008700464367 തീയതി 20-09-2021 |

സമഗ്ര ശിക്ഷാ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയിൽ എലിമെന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായുള്ള തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി 802085/-രൂപ മേല്പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് കണ്ണൂർ ജില്ലാ എസ് എസ് കെ പ്രോജക്ട് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിലേക്ക് (7990012700001800) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തേക്ക് എസ്.എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ് എസ് കെ കണ്ണൂർ ജില്ലാ കോർഡിനേറ്ററുടെ 25-07-2022 തീയതിയിലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിന് യാത്ര സംവിധാനം ഒരുക്കിയ വകയിൽ 10800രൂപയും അധ്യാപകർക്ക് ശംബളം നൽകിയ വകയിൽ 26661 രൂപയും ചെലവഴിച്ചതായി പറയുന്നുണ്ട് . ആയതിന്റെ വ്യക്തമായ വിവരം ലഭ്യമാക്കേണ്ടതാണ്.അപാകങ്ങൾക്ക് വിശദീകരണം/ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36 /18-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 പങ്കൻകുന്ന കുടിവെള്ള പദ്ധതിക്ക് കുഴൽക്കിണർ നിർമ്മാണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 159/2022 |
| പ്രൊജക്ടിന്റെ പേര് | പങ്കൻകുന്ന കുടിവെള്ള പദ്ധതിക്ക് കുഴൽക്കിണർ നിർമ്മാണം<br>തുക ഡെപ്പോസിറ്റ് ചെയ്യൽ |
| അടങ്കൽ | 100000 (വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 63000 |
| ബിൽ നമ്പർ/തീയതി | 19/21-22//07-02-2021 |

പങ്കൻകുന്ന കുടിവെള്ള പദ്ധതിക്ക് കുഴൽക്കിണർ നിർമ്മാണം പദ്ധതി നടപ്പിലാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 63000രൂപ പിൻവലിച്ച് കേരള ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചതായോ, തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39 /18-03-2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 ഇടവിള കൃഷി പ്രോത്സാഹനം -പദ്ധതി അപാകങ്ങൾ

കൃഷി ഓഫീസർ തൻവർഷം നടപ്പിലാക്കിയ ഇടവിള കൃഷി പ്രോത്സാഹനം എന്ന പദ്ധതിയുടെ ഭാഗമായി 248 കർഷകർക്ക് 5 കിലോ വീതം ചേന , ഇഞ്ചി , മഞ്ഞൾ എന്നിവ അടങ്ങുന്ന കിഴങ്ങുവിള കിറ്റ് 100 ശതമാനം സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

| ഇനം & പ്രൊജക്ട് നമ്പർ | അടങ്കൽ | പദ്ധതി വിഹിതം ചെലവഴിച്ചത് | ബിൽ നം/ ചെക്ക് നം & തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| SO050/2022 ഇടവിള കൃഷി പ്രോത്സാഹനം | 200,000വികസന ഫണ്ട് ജനറൽ 62900തനത് ഫണ്ട് | 200000<br>60400 | 14/ തീ.1503.2022<br>KBKKGD21-22/926 /08-03-2022<br>VFPCK കൃഷി ബിസിനെസ്സ് കേന്ദ്രം കാസറഗോഡ് | സ്കീം രജിസ്റ്ററിൽ 248 ഗുണഭോക്താക്കൾക്ക് 5 Kg വീതംചേന , ഇഞ്ചി , മഞ്ഞൾ എന്നിവ അടങ്ങുന്ന കിഴങ്ങുവിള കിറ്റ് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. (ആകെ 3720 Kg) |

1. സ.ഉ (കൈ) നം.22/2018/തസ്വഭവ, തീ.14.12.2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി ധനവിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ /തൈകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ സ്ഥലവിസ്തൃതി കണക്കിലെടുക്കാതെ മുഴുവൻ അപേക്ഷകർക്കും ഒരേപോലെ വിത്തുകൾ /തൈകൾ വിതരണം ചെയ്യുകയാണുണ്ടായത്. നാമമാത്ര കർഷകർക്ക് മാത്രമാണ് വിത്തുകൾ/ തൈകൾ വിതരണം ചെയ്തിട്ടുള്ളത്.

2. വികസനഫണ്ട് സാധാരണവിഹിതം, തനത് ഫണ്ട് എന്നിവ ചെലവഴിച്ച് VFPCK കൃഷി ബിസിനെസ്സ് കേന്ദ്രം കാസറഗോഡ് നിന്നും 1050 /-രൂപ വിലവരുന്ന 248 കിറ്റ് വാങ്ങിയിരുന്നു. എന്നാൽ VFPCK കൃഷി ബിസിനെസ്സ് കേന്ദ്രം കാസറഗോഡ് ന്റെ ബിൽ പരിശോധിച്ചതിൽ കിറ്റിൽ ഏതെല്ലാം ഇടവിളകൾ എത്ര കിലോ വീതം ഉൾപ്പെട്ടിരുന്നു, അവയ്ക്ക് ഈടാക്കിയ വില എന്നിവ സംബന്ധിച്ച് യാതൊരു വിശദാംശവും ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ഇടവിള കിറ്റിൽ ഉൾപ്പെടുന്ന ഓരോയിനം സാധനങ്ങളുടെയും വില ജില്ലാതലത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. ഇപ്രകാരമുള്ള വിശദാംശങ്ങളുടെ അഭാവത്തിൽ ജില്ലാതലത്തിൽ നിശ്ചയിക്കപ്പെട്ട യൂണിറ്റ് കോസ്റ്റിൽ അധികരിക്കാതെയാണ്

VFPCKയിൽ നിന്നും ഓരോയിനത്തിനും വില ചുമത്തിയതെന്ന് ഉറപ്പാക്കാനാവുന്നില്ല. VFPCK കൃഷി ബിസിനെസ്സ് കേന്ദ്രം കാസറഗോഡ് ന്റെ ഇനം തിരിച്ചുള്ള വിശദമായ ഇൻവോയ്സ്, ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് എന്നീ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. വിത്തുകളും തൈകളും വിതരണം നടത്തുകയല്ലാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിലില്ല. കാർഷിക മേഖലയിൽ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുമ്പോൾ ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത, വിള വിസ്തൃതി, ഉത്പാദനക്ഷമത, ജൈവകൃഷി പ്രോത്സാഹനം, സംയോജിത കൃഷി സമ്പ്രദായങ്ങൾ വഴി കർഷകന് കൃഷി ഭൂമിയിൽനിന്ന് പരമാവധി വരുമാനം, തരിശുഭൂമിയിലെ കൃഷി തുടങ്ങി പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ട പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയാണ് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ചുമതല. വിത്തുകൾ, തൈകൾ എന്നിവ സ്ഥലവിസ്തൃതി പരിഗണിക്കാതെ വിതരണം ചെയ്തത് മേൽ ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമല്ല. ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 6-1 പ്രകാരം ചെറുകിട / നാമമാത്ര കർഷകർ, പാട്ടകൃഷിക്കാർ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർക്ക് ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ നാമമാത്ര കർഷകർക്ക് മാത്രമാണ് വിത്തുകൾ / തൈകൾ വിതരണം ചെയ്തതായി കാണുന്നത്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3 /15-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 പാഷൻ ഫ്രൂട്ട് ഗ്രാമം പദ്ധതി -അപാകങ്ങൾ

കൃഷി ഓഫീസർ തൻവർഷം നടപ്പിലാക്കിയ "പാഷൻ ഫ്രൂട്ട് ഗ്രാമം " എന്ന പദ്ധതിയുടെ ഭാഗമായി 21 കർഷകർക്ക് 15 എണ്ണം വീതം പാഷൻ ഫ്രൂട്ട് തൈകൾ 100 ശതമാനം സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ / അപാകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

| ഇനം & പ്രൊജക്ട് നമ്പർ | അടങ്കൽ | പദ്ധതി വിഹിതം ചെലവഴിച്ചത് | ബിൽ നം/ ചെക്ക് നം & തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| SO49/2022 ഇടവിള കൃഷി പ്രോത്സാഹനം | 5670വികസന ഫണ്ട് ജനറൽ 500തനത് ഫണ്ട് | 5670 00 | 4/ 21-22തീ.130.11.2021 Invoice No. 246/2021-22 /19-11-2021, ജില്ലാ കൃഷി ഫാം കരിമ്പം തളിപ്പറമ്പ | സ്കീം രജിസ്റ്ററിൽ 21 ഗുണഭോക്താക്കൾക്ക് 15 വീതം പാഷൻ ഫ്രൂട്ട് തൈകൾ വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. (ആകെ 315) |

ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ പദ്ധതി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാർഷിക സർവ്വകലാശാല, തദ്ദേശ സ്വയംഭരണവകുപ്പ്, വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനം, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്/അയ്യങ്കാളി തൊഴിലുറപ്പ്, സന്നദ്ധ പ്രവർത്തകൾ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വീട്ടുവളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും അവയുടെ ഘട്ടം ഘട്ടമായുള്ള പരിപാലനവും ഉറപ്പുവരുത്തുന്നു. പേരാവൂർ ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ മുഖാന്തിരം 21 ഗുണഭോക്താക്കൾക്ക് 15 എണ്ണം വീതം പാഷൻ ഫ്രൂട്ട് തൈകൾ വിതരണം ചെയ്താണ് "പാഷൻ ഫ്രൂട്ട് ഗ്രാമം പദ്ധതി "നടപ്പിലാക്കിയത്. പദ്ധതി ലക്ഷ്യമായി ഇങ്ങനെ ഉൽപാദിപ്പിക്കപ്പെടുന്ന പഴങ്ങളുടെ മൂല്യ വർദ്ധനവിനുള്ള പദ്ധതികൾ വരും കാലങ്ങളിൽ ഉണ്ടാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പാഷൻ ഫ്രൂട്ട് ഗ്രാമം പദ്ധതി വഴി വിതരണം ചെയ്ത തൈകളുടെ പരിപാലനം , നിലവിലെ അവസ്ഥ, മൂല്യ വർദ്ധനവിനുള്ള പിൽക്കാല പദ്ധതികൾ (DPR), ശാസ്ത്രീയമായ പഴ സംസ്കരണം, മാർക്കറ്റിംഗ് സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4 /15-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-35 കോസ്റ്റ് ഇൻഡക്സ് 38.24% തയ്യാറാക്കിയ എസ്റ്റിമേറ്റിന് ,പ്രവ്യത്തിമൂല്യത്തോടൊപ്പം 12% ജി എസ് ടി തുക നൽകിയത് -₹ 17,043 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | മുള്ളേരിക്കൽ മിച്ച ഭ്രമി കോളനി കുഴൽകിണറിന് മോട്ടോറും ടാങ്കും -163/22 |
| അടങ്കൽ | ₹2,20,000(തനത് ഫണ്ട് ) |
| ചെലവ്,വൗച്ചർ നം &തീയതി | ₹219405- 221000097 Dt 04.10.2021 |
| കരാറുകാരൻ | ശ്രീ.രവീന്ദ്രൻ .കെ |
| എസ്റ്റിമേറ്റ് | ₹2,20,000 |
| കരാർ തുക | ₹174631 |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് |
| പ്രവ്യത്തി മൂല്യം | 195897.04(168250.04-പി എ സി തുക +27647-പമ്പ് സെറ്റ്,കേബിൾ മുതലായവ ) |
| അഗ്രിമെന്റ് നമ്പർ | AE/LSGD/P V R/30/2019-20 Dt 13.12.2019 |
| എം ബുക്ക് | 30/2019-20 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്നു

കോസ്റ്റ് ഇൻഡക്സ് 38.24%ഉൾപ്പെടെയാണ് പ്രവ്യത്തിയുടെഎസ്റ്റിമേറ്റ്തയ്യാറാക്കിയിരിക്കുന്നത്.എസ്റ്റിമേറ്റിൽ പമ്പ് സെറ്റ്, കേബിൾ ഫിറ്റിംഗ്സ് &ജി എസ് ടി എന്നിവയ്ക്കായി ലംപ്സം പ്രൊവിഷനായി ₹45,194 ഉൾപ്പെടുത്തിയിട്ടുണ്ട്. ജി എസ് ടി % എത്രയെന്ന് കണക്കാക്കിയിട്ടില്ല . എന്നാൽ പ്രവ്യത്തിയുടെ ഫൈനൽ ബില്ലിൽ ,12% ജി എസ് ടി തുക കൂടി ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. കോസ്ററ് ഇൻഡക്സ് 38.24% ഉൾപ്പെടെയുള്ള മേൽ പ്രവ്യത്തിയ്ക്ക് 12% തുക ജി എസ് ടി ഇനത്തിൽ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/18-3-23ന് നൽകിയ മറുപടിയിൽ പ്രൈസ് 1 സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ജി എസ് ടി ശതമാന കണക്കിൽ നൽകുവാനുള്ള പ്രൊവിഷൻ ഇല്ലാത്തതിനാൽ, ലംപ്സം പ്രൊവിഷനായി നിശ്ചിത തുക വകയിരുത്തുകയാണ് ഉണ്ടായതെന്നും ആയതു കൊണ്ട് ബിൽ നൽകുന്ന വേളയിൽ വർക്ക് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ള ജി എസ് ടി അനുവദിച്ച നൽകുകയാണ് ചെയ്യതെന്നാണ് മറുപടി നൽകിയത് .കോസ്റ്റ് ഇൻഡക്സ് 38.24% ഉൾപ്പെടെ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആയതിനാൽ 3.3 % ജി എസ് ടി കോമ്പൻസേഷൻ മാത്രമേ ബില്ലിനോടൊപ്പം അനുവദിക്കുവാൻ അർഹതയുള്ളൂ.ആയതിനാൽ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|---|
| പ്രവ്യത്തി മൂല്യം | 1,95,897.04 | 1,95,897.04 |
| + ജി എസ് ടി | 23,506.44 | 6464.60 |
| ആകെ പ്രവ്യത്തി മൂല്യം | 2,19,404.68 | 202361.64 |

അധികമായി നൽകിയ ₹17,043 തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്

## 1-36 അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -അധികം തുക നൽകിയത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ്&നം | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങൽ-205/22 |
| അടങ്കൽ | ₹1,00,000 (തനത് ഫണ്ട് ) |
| ചെലവ് | ₹42,799 (ചെക്ക് നം XY-5674071 Dt 27.3.2022 ) |

മേൽ പ്രൊജക്റ്റ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ₹42,799 കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച ഡലിവറി ചെലാനിൽ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഉൾപ്പെടെ ₹39,121 ഉള്ളത് .കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഡലിവറി ചെലാന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രഫോർമ ഇൻവോയിസ് നം | ഡലിവറി ചെലാൻ നം&തുക | അധികം നൽകിയത് |
|---|---|---|
| TVM/ITBG/PI/RC /33088/20-21 Dt 28.12.21 | 07228/ITP /22-23-31.12.2022- ₹39,121 | 3678 |

അധികം നൽകിയ തുക തിരിച്ചടച്ചതിന്റെ /സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/16/3/2023) കമ്പ്യൂട്ടർ ഡെലിവർ ചെയ്യുന്ന സമയത്ത് ₹39121 മാത്രമേ ആവശ്യമായിട്ടുള്ളൂ എന്നും അധിക തുക ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ₹3678 ഈടാക്കി റിപ്പോർട്ട് ചെയ്ത് തുടർ നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-37 കുളത്തിലെ മത്സ്യകൃഷി പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ-₹1,50,705 തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,<br>പേരാവൂർ ഗ്രാമ പഞ്ചായത്ത്. | |
| പ്രൊജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
| 86/22 | കുളത്തിലെ മത്സ്യകൃഷി - New | വികസന ഫണ്ട് (പൊതു വിഭാഗം) – ₹1,96,800/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- | ബിൽ നം.03/21-22 തീയതി 27.03.2022 ₹1,19,280 |

| | | | |
|---|---|---|---|
| | | ₹1,96,800/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -₹1,96,800/-<br>മറ്റുള്ളവ -₹8,85,600/-<br>ആകെ - ₹14,70,000/- | |
| 179/22 | കുളത്തിലെ മത്സ്യകൃഷി - സ്പിൽ ഓവർ | വികസന ഫണ്ട് (പൊതു വിഭാഗം)-₹15,598/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് -₹15,826/-<br>തനത് ഫണ്ട് - ₹229/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -₹15,827/- മറ്റുള്ളവ -₹75,520/-<br>ആകെ - ₹1,23,000/- | ബിൽ നം.01/21-22 തീയതി 27.03.2022 ₹15,598<br>ബിൽ നം.02/21-22 തീയതി 27.03.2022 ₹15,827<br>ആകെ ₹31,425 |

പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) പ്രോജക്ട് നം. 86/22 ന്റെ ഭാഗമായി തങ്കച്ചൻ കെ ഒ, ബാബു സി കെ എന്നീ ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി യഥാക്രമം 16,400, 10560 എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി വിഹിതം ഒടുക്കിയിരിക്കുന്നത് അപേക്ഷയിൽ ഗുണഭോക്താവ് സൂചിപ്പിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കല്ലെന്ന് കാണാൻ സാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ | തുക ഒടുക്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|
| ബാബു സി കെ | 67130214337 | 40463100006338 |
| തങ്കച്ചൻ കെ ഒ | 17090100058520 | 42212200077952 |

2) 86/22 പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3) 179/22 പദ്ധതിയുടെ പൂർത്തീകരണവിവരം ഫയലിൽ ലഭ്യമല്ല.

4) 86/22 പദ്ധതിയുടെ ഭാഗമായി എട്ട് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട് (തങ്കച്ചൻ കെ ഒ, ടോമി സെബാസ്റ്റ്യൻ, ബാബു സി കെ, ടോം തോമസ്, വിനോദ് കുമാർ, ബ്ലെസി മോൾ കെ ഡി, സോളി ഫ്രാൻസിസ്, ഡേവിസ് ജോൺസൺ). എന്നാൽ ഈ സംരംഭങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

5) സുഭിക്ഷകേരളം പദ്ധതി സംബന്ധിച്ച സ.ഉ (സാധാ)നം.1009/2020/ത.സ്വ.ഭ.വ. തീയതി 29.05.2020 ഉത്തരവിലെ ഖണ്ഡിക 4.2.1 ൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകളിൽ തന്നെയണോ പദ്ധതികളുടെ ഭാഗമായുള്ള കുളങ്ങളും അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35 തീയതി 18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹1,50,705 തടസ്സപ്പെടുത്തുന്നു.രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-38 ഗോത്ര സാരഥി പദ്ധതി- അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | ഗോത്ര സാരഥി പദ്ധതി |

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | 225/2022 |
| അടങ്കൽ | ₹50000 വികസന ഫണ്ട്- ടി.എസ്.പി |
| ചെലവ് | ₹49000 |
| ബിൽ നമ്പർ / തീയതി | BRN : 21220552008801430452/23-03-2022 |

മണത്തണ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ 17 പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുവാൻ വാഹന വാടക നല്കുന്നതിനായിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. എടപ്പാറ അമ്പലക്കുഴി കാളക്കുടംബ് പാറെങ്ങാട് എന്നീ പട്ടിക വർഗ്ഗ കോളനികളിലെ നിവാസികളായ 17 പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുവാൻ വാഹന വാടക ഇനത്തിൽ 49000 രൂപ മുകളിൽ പറഞ്ഞ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവ് ചെയ്തിട്ടുണ്ട് പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗോത്ര സാരഥി പദ്ധതി - പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13 പ്രകാരം പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ വിദ്യാർത്ഥികളെയും ഓരോ വർഷവും ഒറ്റത്തവണ പ്രീമിയം അടവ് നടത്തി അപകട ഇൻഷുറൻസ് ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്കൂളുകൾ ഈ നിബന്ധന പാലിച്ചതായി ഫയലിൽ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1 /15-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം കുട്ടികളുടെ ഇൻഷുറൻസ് സംബന്ധിച്ച രേഖകൾ ഭാവിയിൽ സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നും ഈ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-39 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി, പേരാവൂർ ഗ്രാമ പഞ്ചായത്ത്

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി |
| പ്രോജക്റ്റിന്റെ നം | 30/2022 | 19/2022 |
| അടങ്കൽ | ₹150000 വികസന ഫണ്ട് എസ് സി പി<br>₹50000 തനത് ഫണ്ട് | ₹348500 വികസന ഫണ്ട് ടി.എസ്.പി<br>₹251500 തനത് ഫണ്ട് |
| ചെലവ് | ₹50000 വികസന ഫണ്ട് എസ് സി പി | ₹263000 വികസന ഫണ്ട് ടി.എസ്.പി |
| ബിൽ നമ്പർ / തീയതി | BRN : 21220552008800652485/15-11-2021 (₹50000 ) | BRN : 21220552008800819662/23-03-2022 (₹50000) |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (പ്രോ.നം.30/2022), പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോ.നം.19/2022) എന്നീ പദ്ധതികളിലൂടെ ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ /വിദ്യാർത്ഥികൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

| ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|

| | |
|---|---|
| ബാബു പുതുപ്പറമ്പിൽ ഹൗസ് മേൽമുരിങ്ങോടി പി ഒ | 50000 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി

| ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|
| റെമിത വെള്ളായി കോളനി പേരാവൂർ പി ഓ | 50000 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത സ്ഥിതിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച അനന്തര നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2 /05-03-2023 ) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടിയുടെയും ആവശ്യമായ രേഖകളുടെയും അഭാവത്തിൽ ₹100000/-യുടെ ചെലവ് തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ /രജിസ്റ്ററുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-40 പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹ 54458 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 148/22, പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 60,000 (വികസന ഫണ്ട് എസ് സി പി) |
| ചെലവ് | ₹ 54458 |
| ബിൽ നമ്പർ, തീയതി | ₹ 21220552013900535491, 16-10-21 |

പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് അവരുടെ പഠനാവശ്യത്തിനായി ലാപ്ടോപ്പ് നൽകുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കേന്ദ്രീകൃത ഓൺലൈൻ വാങ്ങൽ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ലഭ്യമാക്കുന്ന പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക അവരുടെ അക്കൗണ്ടിലേക്ക് കൈമാറുകയും അവർ കെൽട്രോൺ മുഖേന കമ്പ്യൂട്ടർ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനായി കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 8-10-21 ലെ TVM/ITBG/PI/ RC/30663 /20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 2 ലാപ്ടോപ്പ് കമ്പ്യൂട്ടറിന്റെ വിലയായ ₹54458 കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400003959) 16-10-2021 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ ലാപ്ടോപ്പുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന് ഉപകരണം നൽകേണ്ടത് അനിവാര്യമായതിനാൽ അടച്ച തുകയ്ക്കും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതുമായ ലാപ്ടോപ്പുകൾ ലഭ്യമല്ലെങ്കിൽ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് 17-3-2022 ന് ചേർന്ന ഭരണസമിതി തീരുമാനമെടുത്തതിന്റെ (64/2022 നമ്പർ തീരുമാനം) അടിസ്ഥാനത്തിൽ ലാപ്ടോപ്പുകൾ ലഭ്യമാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ബിൽ പ്രകാരമുള്ള തുക തിരികെ നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 26-3-2022 ന് കേരള സ്റ്റേറ്റ് ഐ ടി മിഷന് കത്തയച്ചിട്ടുണ്ട് (നം. എസ് സി 2.2021/1794). ആയതിന്റെ തുടർ നടപടി വിവരങ്ങളും ലാപ്ടോപ്പുകൾ ഇതിനോടകം ലഭിച്ചിട്ടുണ്ടെങ്കിൽ അവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16-3-23) മേല്പറഞ്ഞ കത്തയച്ചെങ്കിലും നാളിതുവരെയായി പണമോ ലാപ്ടോപ്പുകളോ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ സാധിച്ചില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ ലഭ്യമാക്കുകയോ പണം തിരികെ ഈടാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ₹ 54458യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 13/22, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| അടങ്കൽ ₹2500000 | ₹ 12,50,000 വികസനഫണ്ട് പൊതുവിഭാഗം<br>₹ 12,50,000 മറ്റുള്ളവ |
| ചെലവ് | ₹12,50,000 വികസനഫണ്ട്<br>ബിൽ നമ്പർ 21220552008000795737 , 21-12-2021 |

മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് പോഷക സമ്പുഷ്ടമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 100 ഗുണഭോക്താക്കൾക്ക് വെള്ളർവള്ളി, പേരാവൂർ എന്നീ ക്ഷീരസഹകരണ സംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ/ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. ₹12,50,000 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത്.

3. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട്.

4. ക്ഷീര സഹകരണ സംഘങ്ങളിൽ പരിപാലിക്കുന്ന കാലിത്തീറ്റ വിതരണ രജിസ്റ്ററുകൾ.

5. മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്റർ.

6. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതിയിൽ പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്ത പദ്ധതിയിൽ 2022 മാർച്ച് 31 ന് തന്നെ ഈ വിധത്തിൽ സാക്ഷ്യപത്രങ്ങൾ തയ്യാറാക്കിയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ച് ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തി ബാക്കിയുള്ള സബ്സിഡി തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിനു ശേഷം തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-42 പേവിഷ നിർമ്മാർജ്ജനം - രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 23/22, പേവിഷ നിർമ്മാർജ്ജനം |
| അടങ്കൽ ₹42000 | ₹30,000 വികസനഫണ്ട് പൊതുവിഭാഗം<br>₹ 12,000 തനത് ഫണ്ട് |
| ചെലവ് ₹24458 | ₹13058 വികസനഫണ്ട്<br>ബിൽ നമ്പർ 21220552008001357219 , 22-3-2022<br>₹11400 തനത് ഫണ്ട്, വൗച്ചർ നമ്പർ ലഭ്യമല്ല, തീയതി 17-3-22 |

പേരാവൂർ ഗ്രാമ പഞ്ചായത്തിലെ മുഴവൻ വളർത്തു നായകൾക്കും പൂച്ചകൾക്കും പേവിഷ ബാധ പ്രതിരോധ കുത്തിവെപ്പ് നൽകുന്നതിന് തയ്യാറാക്കിയതാണ് പ്രോജക്ട്. പ്രതിരോധ കുത്തിവെപ്പിനാവശ്യമായ വാക്സിൻ ക്വട്ടേഷൻ വഴി വാങ്ങി പഞ്ചായത്തിലെ മുഴവൻ വാർഡുകളിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രതിരോധ കുത്തിവെപ്പ് സൗജന്യമായി നൽകുന്നു. പദ്ധതിയുടെ ഭാഗമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 4800/- രൂപയും ബാനർ, നോട്ടീസ് പ്രിന്റിംഗ് ചാർജ്ജിനത്തിൽ 4900 രൂപയും സിറിഞ്ച്, ഗ്ലൗസ് ഇനത്തിൽ 3358/- രൂപയും വാക്സിന്റെ തുകയായി 11400 രൂപയും ചേർത്ത് ആകെ ₹24458 ചെലവഴിച്ചിട്ടുണ്ട്. 7-3-22 മുതൽ 10-3-22 വരെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കുത്തിവെപ്പ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി തയ്യാറാക്കിയ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഈ ദിവസങ്ങളിൽ ക്യാമ്പ് നടന്നതിന്റെ റിപ്പോർട്ടും, എത്ര വളർത്തുനായകൾക്ക് കുത്തിവെപ്പ് നൽകി എന്നതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കി പരാമർശം

ഒഴിവാക്കേണ്ടതാണ്.

**1-43 ഹരിത കർമ്മസേനക്ക് യൂണിഫോം, ഗ്ലൗസ് മുതലായവ വാങ്ങൽ – അപാകങ്ങൾ - ₹1027 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, ₹118973യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്റ്റ് നമ്പർ, പേര് | 204/22, ഹരിത കർമ്മസേനക്ക് യൂണിഫോം, ഗ്ലൗസ് മുതലായവ |
| അടങ്കൽ | ₹120000 തനത് ഫണ്ട് |
| ചെലവ്, വൗച്ചർ നമ്പർ, തീയതി | ₹120000, 22100544, 3-3-22 |

ഹരിത കർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ആവശ്യമായ അനുബന്ധ വസ്തുക്കൾ (യൂണിഫോം, കൈയുറ, സാനിറ്റൈസർ, ക്യാപ്പ്, ഗംബൂട്ട്) വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റിൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളുടെ അടിസ്ഥാനത്തിൽ ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് ₹120000 കൈമാറിയിട്ടുണ്ട്. കൺസോർഷ്യം സെക്രട്ടറി/ പ്രസിഡന്റ് ഹാജരാക്കിയ ബില്ലുകളുടെ വിശദവിവരവും പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ/ഇൻവോയ്സ് നമ്പർ, തീയതി | വാങ്ങിയ സാധനങ്ങൾ | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 1524/തീയതി ഇല്ല | കോട്ട് 15 എണ്ണം, പ്രിന്റിംഗ് ചാർജ് 15 എണ്ണം, ക്യാപ്പ് 10 എണ്ണം | 9250 | മരിയൻ യൂണിഫോംസ്, കരിയാൽ, ഇരിട്ടി |
| 2 | 1525/തീയതി ഇല്ല | കോട്ട് 15 എണ്ണം, പ്രിന്റിംഗ് ചാർജ് 15 എണ്ണം, ക്യാപ്പ് 10 എണ്ണം | 9250 | |
| 3 | 1526/തീയതി ഇല്ല | കോട്ട് 15 എണ്ണം, പ്രിന്റിംഗ് ചാർജ് 15 എണ്ണം, ക്യാപ്പ് 10 എണ്ണം | 9250 | |
| 4 | 1527/തീയതി ഇല്ല | കോട്ട് 15 എണ്ണം, പ്രിന്റിംഗ് ചാർജ് 15 എണ്ണം, ക്യാപ്പ് 10 എണ്ണം | 9250 | |
| 5 | 1528/തീയതി ഇല്ല | കോട്ട് 15 എണ്ണം, പ്രിന്റിംഗ് ചാർജ് 15 എണ്ണം, ക്യാപ്പ് 10 എണ്ണം | 9250 | |
| 6 | 1530/തീയതി ഇല്ല | കോട്ട് 12 എണ്ണം, പ്രിന്റിംഗ് ചാർജ് 12 എണ്ണം, ക്യാപ്പ് 8 എണ്ണം | 7400 | |
| 7 | 3310/തീയതി ഇല്ല | ഗം ബൂട്ട് 8 എണ്ണം | 3986 | സിതാര ഫുട്ട്‌വെയർ, പേരാവൂർ |
| 8 | 3311/തീയതി ഇല്ല | ഗം ബൂട്ട് 8 എണ്ണം | 3986 | |
| 9 | 3312/തീയതി ഇല്ല | ഗം ബൂട്ട് 8 എണ്ണം | 3986 | |
| 10 | 3313/തീയതി ഇല്ല | ഗം ബൂട്ട് 5 എണ്ണം | 2491 | |

| | | | | |
|---|---|---|---|---|
| 11 | 2167/തീയതി ഇല്ല | കോട്ട് 10 എണ്ണം | 8792 | |
| 12 | 2161/തീയതി ഇല്ല | കോട്ട് 10 എണ്ണം | 8792 | |
| 13 | 2159/തീയതി ഇല്ല | കോട്ട് 9 എണ്ണം | 7915 | |
| 14 | 401/തീയതി ഇല്ല | വിവിധോദ്ദേശ റബ്ബർ ഗ്ലൗവ്സ് 100 എണ്ണം | 7000 | പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്രം, പേരാവൂർ |
| 15 | 465/തീയതി ഇല്ല | വിവിധോദ്ദേശ റബ്ബർ ഗ്ലൗവ്സ് 120 എണ്ണം | 8400 | |
| 16 | 501/തീയതി ഇല്ല | വിവിധോദ്ദേശ റബ്ബർ ഗ്ലൗവ്സ് 80 എണ്ണം | 5600 | |
| 17 | 514/തീയതി ഇല്ല | Axer -Disposible Surgicals 29 Nos. | 4045 | |
| 18 | 2647 / 7-4-22 | രജിസ്റ്റർ, പേന, സ്റ്റാമ്പ് പാഡ്, ഫയൽ | 807 | സീന ബുക്ക്സ്, പേരാവൂർ |
| 19 | 2648 / 7-4-22 | കാൽക്കുലേറ്റർ 1 | 195 | |
| 20 | 12 / 4-4-22 | ഫോട്ടോസ്റ്റാറ്റ് | 25 | കുടുംബശ്രീ സി ഡി എസ് സേവന ഹെൽപ്ഡെസ്ക്, പേരാവൂർ |
| 21 | 2763/2-12-21 | മിനുട്സ് ബുക്ക് 1 | 160 | കൺമണി ഫോട്ടോസ്റ്റാറ്റ് & ഓഫീസ് സ്റ്റേഷനറീസ്, പേരാവൂർ |
| 22 | 2771/7-12-21 | റബ്ബർ സ്റ്റാമ്പ് 1 | 170 | |
| | | ആകെ | 120000 | |

അപാകങ്ങൾ - 1. ₹120000 യ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ ജി. ഒ. (പി) നം. 259/2010/LSGD, തീയതി 8-11-2010 – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ - യിലെ വ്യവസ്ഥ (മതിപ്പുവില 100000 രൂപയിൽ കൂടിയാൽ ഓപ്പൺ ടെണ്ടർ വഴി വാങ്ങൽ നടത്തണം) പാലിച്ചില്ല.

2. ക്രമ നമ്പർ 1 മുതൽ 17 വരെയുള്ള ബിൽ / ഇൻവോയ്സുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. ക്രമ നമ്പർ 18,19,20 ബില്ലുകളിൽ സാമ്പത്തിക വർഷം കഴിഞ്ഞുള്ള തീയതികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ചെലവ് (807+ 195+ 25 = 1027 രൂപ) അംഗീകരിക്കുന്നില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/17-3-23) അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ കൺസോർഷ്യം ഭാരവാഹികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റിൽ അംഗീകരിക്കാത്ത 1027 രൂപ തിരികെ ഈടാക്കേണ്ടതാണ്. മറ്റ് അപാകങ്ങൾ നിലനിൽക്കുന്നതിനാൽ ₹118973 തടസ്സപ്പെടുത്തുന്നു.

## 1-44 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ₹164265 യുടെ മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ, പേര് | 12/22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയിന്റനൻസ് ഫണ്ട് -നോൺറോഡ് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹300000, 21220552008401435487, 24-3-22 |

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരം ₹300000 ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഹോംകോ 17-6-2022 ന് തുക കൈപ്പറ്റിയതായി രശീത് നൽകുകയും ചെയ്തിട്ടുണ്ട്. LF 1949, തീയതി 25-2-23 പ്രകാരം 135735/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ബാക്കി 164265/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകളും തുക മുൻകൂറായി നൽകുമ്പോൾ ഹോംകോയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/16-3-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അസ്സൽ ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-45 പാലിയേറ്റീവ് പരിചരണ പദ്ധതി - ₹3293രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| പ്രോജക്ട് നമ്പർ, പേര് | 8/22, കാരുണ്യം പെയിൻ & പാലിയേറ്റീവ് ഹോം കെയർ |
| അടങ്കൽ | ₹535000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹507421 |

പാലിയേറ്റീവ് ഹോംകെയർ പരിപാടിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹോം കെയർ വിസിറ്റ് നടത്തുന്നതിനും കിടപ്പുരോഗികൾക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി തയ്യാറാക്കിയ പ്രോജക്ടിൽ ഹോംകെയർ വിസിറ്റ് നടത്തിയതിന്റെ വാഹനവാടകയി നത്തിലും മരുന്ന്, ഉപകരണങ്ങൾ വാങ്ങുന്നതിനും ഹോം കെയർ ടീമിന്റെ ഭക്ഷണച്ചെലവിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും അവ മുഴുവനായി ലഭിച്ചതിന്റെ അസ്സൽ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | മുൻകൂർ തുക നൽകിയ സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നമ്പർ, തീയതി | ഒടുക്കിയ തുക | ലഭിച്ച മരുന്നിന്റെ ഇൻവോയ്സ് നമ്പർ, തീയതി | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | 13/21-22, 19-11-21 | KMSCL | 3066,1-11-21 | ₹42601 | 2416/18-5-22, ₹1011<br>2419//18-5-22, ₹10798<br>3898/7-6-22, ₹10593<br>10768/13-09-22, ₹2530<br>20191/15-12-22, ₹808<br>19680/9-12-22 ₹8430<br>21092/23-12-22, ₹5138 | ₹3293 |

അവശേഷിക്കുന്ന തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമായാൽ ആയതിന്റെ ബില്ലും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-46 മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

ജി ഒ (പി) നം. 177/2006/ഫിൻ തീയതി 12.4.2006 ഉത്തരവിലെ ഖ.18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ്, ചെലവ് വിവരം രേഖപ്പെടുത്തണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വരവ്, ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ക്യാഷ് ബുക്ക്, സബ്സിഡയറി രജിസ്റ്റർ എന്നിവ മെഡിക്കൽ ഓഫീസർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-47 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം രേഖകൾ ഹാജരാക്കാത്തത് -₹1,50,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ബി ആർ എൻ നമ്പർ 2122055200200 1022063, തീയതി 28-1-22 പ്രകാരം 5 ഗുണഭോക്താക്കൾക്ക് ₹30000 വീതം ₹150000 ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പരിശോധനക്ക് ഹാജരാക്കിയ രജിസ്റ്ററിൽ പ്രിയ വി ജെ എന്ന ഗുണഭോക്താവിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 5 ഗുണഭോക്താക്കൾക്കും വിവാഹ ധനസഹായം അനുവദിച്ചതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . അതിനാൽ ₹150000 തടസ്സപ്പെടുത്തുന്നു

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോസ്റ്റ് ഇൻഡക്സ് 38.24% തയ്യാറാക്കിയ എസ്റ്റിമേറ്റിന് ,പ്രവൃത്തിമൂല്യത്തോടൊപ്പം 12% ജി എസ് ടി തുക നൽകിയത് -₹17,043 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | മുള്ളേരിക്കൽ മിച്ച ഭൂമി കോളനി കുഴൽകിണറിന് മോട്ടോറും ടാങ്കും -164/22 |
| അടങ്കൽ | 2,20,000 (തനത് ഫണ്ട് ) |
| ചെലവ്, വൗച്ചർ നം &തീയതി | ₹219405- 221000097 Dt 04.10.2021 |
| കരാറുകാരൻ | ശ്രീ.രവീന്ദ്രൻ .കെ |

| | |
|---|---|
| എസ്റ്റിമേറ്റ് | ₹2,20,000 |
| കരാർ തുക | ₹174631 |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് |
| പ്രവൃത്തി മൂല്യം | 195897.04(168250.04-പി എ സി തുക +27647-പമ്പ് സെറ്റ്,കേബിൾ മുതലായവ ) |
| അഗ്രിമെന്റ് നമ്പർ | AE/LSGD/P V R/30/2019-20 Dt 13.12.2019 |
| എം ബുക്ക് | 30/2019-20 |

പദ്ധതി നിർവഹണത്തിലെ അപാകം താഴെ പറയുന്ന

കോസ്ററ് ഇൻഡക്സ് 38.24%ഉൾപ്പെടെയാണ് പ്രവൃത്തിയുടെഎസ്ററിമേറ്റ്തയ്യാറാക്കിയിരിക്കുന്നത്.എസ്റ്റിമേറ്റിൽ പമ്പ് സെറ്റ്, കേബിൾ ഫിറ്റിംഗ്സ് &ജി എസ് ടി എന്നിവയ്ക്കായി ലംപ്സം പ്രൊവിഷനായി ₹45,194 ഉൾപ്പെടുത്തിയിട്ടുണ്ട്. ജി എസ് ടി % എത്രയെന്ന് കണക്കാക്കിയിട്ടില്ല . എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ,12% ജി എസ് ടി തുക കൂടി ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. കോസ്ററ് ഇൻഡക്സ് 38.24% ഉൾപ്പെടെയുള്ള മേൽ പ്രവൃത്തിയ്ക്ക് 12% തുക ജി എസ് ടി ഇനത്തിൽ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/18-3-23ന് നൽകിയ മറുപടിയിൽ പ്രൈസ് 1 സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ജി എസ് ടി ശതമാന കണക്കിൽ നൽകുവാനുള്ള പ്രൊവിഷൻ ഇല്ലാത്തതിനാൽ, ലംപ്സം പ്രൊവിഷനായി നിശ്ചിത തുക വകയിരുത്തുകയാണ് ഉണ്ടായതെന്നും ആയതു കൊണ്ട് ബിൽ നൽകുന്ന വേളയിൽ വർക്ക് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ള ജി എസ് ടി അനുവദിച്ചു നൽകുകയാണ് ചെയ്തതെന്നുമാണ് മറുപടി നൽകിയത് . കോസ്ററ് ഇൻഡക്സ് 38.24% ഉൾപ്പെടെ തയ്യാറാക്കിയ എസ്ററിമേറ്റ് ആയതിനാൽ 3.3 % ജി എസ് ടി കോമ്പൻസേഷൻ മാത്രമേ ബില്ലിനോടൊപ്പം അനുവദിക്കുവാൻ അർഹതയുള്ളൂ. ആയതിനാൽ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | അനുവദിച്ച തുക (₹) | അനുവദിക്കാവുന്ന തുക (₹) |
|---|---|---|
| പ്രവൃത്തി മൂല്യം | 1,95,897.04 | 1,95,897.04 |
| + ജി എസ് ടി | 23,506.44 | 6464.60 |
| ആകെ പ്രവൃത്തി മൂല്യം | 2,19,404.68 | 202361.64 |

അധികമായി നൽകിയ ₹ 17,043തിരികെ ഈടാക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | 15.3.2023, 16.3.2023 | കെ എസ് എ /കെ എൻ ആർ /സി11 /388/2023 തീയതി - 30-03-2023 |

## 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

8-സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 1,21,210 | സമഗ്ര നെൽകൃഷി വികസനം -44/22 | 1,21,210 | |
| | 2,50,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -20/22 | 2,50,000 | |
| | 4,00,000 | പാലിന് സബ്സിഡി-9/22 | 4,00,000 | |
| കണ്ണൂർ ജില്ല പഞ്ചായത്ത് വിഹിതം | 45,932 | കാരുണ്യം പാലിയേറ്റീവ് ഹോംകെയർ-208/22 | 45,932 | |
| | 1,19,280 | കുളത്തിലെ മത്സ്യകൃഷി -86/22 | 1,19,280 | |
| | 15,827 | കുളത്തിലെ മത്സ്യകൃഷി -179/22 | 15,827 | |
| | 1,00,000 | ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി)-154/22 | 1,00,000 | |
| | 24,60,000 | ലൈഫ് ഭവന നിർമ്മാണം-140/22 | 24,60,000 | |
| | 2,50,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -20/22 | 2,50,000 | |
| | 2,50,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -155/22 | 2,50,000 | |

| | | | | |
|---|---|---|---|---|
| | 1,32,000 | പാലിന് സബ്സിഡി-9/22 | 1,32,000 | |
| | 5,00,000 | പാലിന് സബ്സിഡി-178/22 | 5,00,000 | |

ജില്ല പഞ്ചായത്ത് വിഹിതത്തിൽ നീക്കിയിരിപ്പുള്ള ₹ 801922 , ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നീക്കിയിരിപ്പുള്ള ₹7,97,414 എന്നീ തുകകൾ ചെലവഴിക്കാൻ സാധ്യതയില്ലാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പങ്കൻകുന്ന് കുടിവെള്ളപദ്ധതിയ്ക്ക് കുഴൽ കിണർ നിർമ്മാണം തുക ഡെപ്പോസിറ്റ് ചെയ്യൽ | 190/21-22, 04-02-22 | 63000 | 0 | 63000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ-ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 1,38,79,992 | 11943992 | 968000 | -- | 10975992 |

## 4-6 ഓഡിറ്റ് റിക്കവറി

ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻ വർഷം നിക്ഷേപിച്ച തുക | 50,00,000 |

| | |
|---|---|
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 50,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്(ബാങ്ക് /ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| | പേരാവൂർ റീജണൽ സഹകരണ ബാങ്ക് 102140010025082dt 30.6.2021 | 29.6.2021 | 12 മാസം | 50,00,000 | - |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | ഇല്ല | 2013-14 | 5-2-15 | സർക്കാർ എയ്ഡഡ് സ്കൂളിലെ അഡ്മിഷന് നിലവാരം -താരതമ്യം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | ഇല്ല | 2013-14 | 5-2-15 | ശ്രദ്ധേയമായ നൂതനാശയങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 | ഇല്ല | 2011-12 | 2-1 | ഗ്രാമസഭ-അപാകം-പൊതു അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(B) | 1999-00 | | ഓലപ്പുര ഓട് മേയൽ പദ്ധതി-അനർഹർക്ക് വിതരണം ചെയ്തു | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(C) | 1999-00 | | അനർഹർക്ക് പദ്ധതി വിഹിതംവിതരണം ചെയ്തു | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിൽ |
| 1998-99 | 25(E) | 1999-00 | | കൃഷി ഓഫീസർ പമ്പ് സെറ്റ് വിതരണം അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(F) | 1999-00 | | കിണർജലസേചനം അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(G1) | 1999-00 | | ക്ഷീര വികസന പദ്ധതികൾകാലിത്തൊഴുത്ത് ജനറൽ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(G3) | 1999-00 | | പശു വിതരണം ജനറൽ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99 | 25(H) | 1999-00 | | ആട് വിതരണം ജനറൽ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2013-14,2014-15 | 2-3 | 2016-17(ഖ-2) | | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2013-14,2014-15 | 2-4 | 2016-17(ഖ-2) | | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,00,46,891.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,81,67,570.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,070 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,74,136 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-35 | | 17,043 | ശ്രീ.ജോമോൻ പൗലോസ്(അസിസ്റ്റന്റ് എഞ്ചിനീയർ) |
| 1-43 | | 1,027 | ശ്രീമതി.ഷൈമ.കെ (വി ഇ ഒ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 1,50,705 | ശ്രീ.ഷാജി.സി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ) |
| 1-39 | 1,00,000 | ശ്രീ.യോഷ്വാ.എം.സി (അസിസ്റ്റന്റ് സെക്രട്ടറി ) |
| 1-40 | 54,458 | ശ്രീമതി.ഷൈലജ.സി (ഹെഡ് മിസ്ട്രസ്സ് ) |
| 1-43 | 1,18,973 | ശ്രീമതി.ഷൈമ.കെ(വി ഇ ഒ) |
| 1-47 | 1,50,000 | ശ്രീ.ശശീന്ദ്രൻ.ടി.പി (സെക്രട്ടറി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ജോമോൻ പൗലോസ്(അസിസ്റ്റന്റ് എഞ്ചിനീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ, പേരാവൂർ ഗ്രാമ പഞ്ചായത്ത് | ഞാലിയൻ (ഹൗസ് ) ചെറുവയൂർ (പി ഒ) തൃശ്ശൂർ |

| | | |
|---|---|---|
| ശ്രീ.ഷാജി.സി (സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ) | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, റീജണൽ ഷ്രീംപ് ഹാച്ചറി,അഴീക്കോട് ജെട്ടി (പി ഒ) | പുത്തൻമണ്ണേൽ ഹൗസ്, റെയിൽവേ സ്റ്റേഷൻ റോഡ്,കോമന,അമ്പലപ്പുഴ 688561 |
| ശ്രീ.യോഷ്വാ.എം.സി (അസിസ്റ്റന്റ് സെക്രട്ടറി) | അസിസ്റ്റന്റ് സെക്രട്ടറി (പേരാവൂർ ഗ്രാമ പഞ്ചായത്ത് ) | മലയിൽ ഹൗസ്, കണ്ടപുണം,അമ്പായത്തോട് (പി ഒ),കൊട്ടിയൂർ |
| ശ്രീമതി.ഷൈലജ.സി (ഹെഡ് മിസ്ട്രസ്സ് ) | വിരമിച്ച | ഹരിശ്രീ, പാല,കാക്കയങ്ങാട് |
| ശ്രീമതി.ഷൈമ.കെ(വി ഇ ഒ) | വി ഇ ഒ (പേരാവൂർ ഗ്രാമ പഞ്ചായത്ത് ) | നീഹാരം, വായന്നൂർ(പി ഒ) കോളയാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 7 |
| 2000-01 (പദ്ധതി ) | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 1 |
| 2005-06 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 1 |
| 2008-09 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 9 |
| 2009-10 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 4 |
| 2010-11,2011-12 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 3 |
| 2012-13 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 3 |
| 2013-14, 2014-15 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 5 |

| | | |
|---|---|---|
| 2015-16 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 2 |
| 2017-18 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 4 |
| 2018-19 | നം .കെഎസ്എ /കെഎൻആർ /സി.11 /1401/2022. തി 11.11.2022. | 13 |
| 2019-20 | നം.കെഎസ്.എ/കെ.എൻ.ആർ /സി11/1357/2021 തീ. 05.02.2022 | 16 |
| 2020-21 | നം.കെഎസ്.എ/കെ.എൻ.ആർ /സി11/1358/2021 തീ. 05.02.2022 | 11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Peravoor Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21278282.00 |
| Cash | Cash | RP-40(a) | 119261.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1781093.00 |
| 140000000 | Fees & User Charges | RP-4 | 1367510.00 |
| 150000000 | Sale & Hire Charges | RP-5 | 27015.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52025525.00 |
| 171000000 | Interest Earned | RP-9 | 394272.00 |
| 190000000 | Prior Period Income | RP-11 | 236.00 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 77107.00 |
| 311000000 | Earmarked Funds | RP-28 | 1196.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11569583.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11721554.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 11897.00 |
| 340000000 | Deposits Received | RP-33 | 255534.00 |
| 350000000 | Other Liabilities | RP-35 | 814369.00 |
| | Grand total | | 101444434.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1705121.00 |
| 220000000 | Administrative Expenses | RP-13 | 340818.00 |
| 230000000 | Operations & Maintenance | RP-14 | 500028.00 |
| 240000000 | Interest & Finance Charges | RP-15 | 2280.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 9143682.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 18035590.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 10858457.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 65884.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-28 | 30.00 |
| 412000000 | Capital Work In Progress | RP-39 | 3014486.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 921987.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 35765.00 |
| 420000000 | Investments | RP-43 | 5000000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2940241.00 |
| 460000000 | Loans, Advances and Deposits | RP-49 | 1024537.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 79437.00 |
| 350000000 | Other Liabilities | RP-35 | 24499227.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23164438.00 |
| Cash | Cash | RP-40(b) | 112426.00 |
| | Grand Total | | 101444434.00 |

2.ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Peravoor Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7837081.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 501566.00 |
| 140000000 | Fee & User Charges | I-4 | 1806520.00 |
| 150000000 | Sale & Hire Charges | I-5 | 27015.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 156554433.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 394272.00 |
| 180000000 | Other Income | I-9 | 290573.00 |
| 190000000 | Prior Period Income | I-19 | -19398.00 |
| | Total Income | | 167411460.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 13713549.00 |
| 220000000 | Administrative Expenses | I-11 | 1172840.00 |
| 230000000 | Operations & Maintenance | I-12 | 1607944.00 |
| 240000000 | Interest & Finance Charges | I-13 | 3172.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6127395.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 27401014.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 13898264.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 41837943.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 56584820.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 13945.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 306261.00 |
| 271000000 | Miscellaneous Expenses on Disposal of Assets and | I-17 | 0.0 |

| | | | |
|---|---|---|---|
| | Investments | | |
| 272000000 | Depreciation | I-17(A) | 688178.00 |
| | Total Expenditure | | 163355325.00 |
| | Gross Surplus / Deficit of income over Expenditure | | -4056135.00 |
| | Gross Surplus / Deficit of income over Expenditure | | -3998426.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -77107.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 57709.00 |

3.ബാലൻസ് ഷീറ്റ്

Peravoor Grama Panchayat
BALANCE SHEET AS ON 31-03-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1040802.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 10476.00 |

| | | | |
|---|---|---|---|
| | | | |
| 312000000 | Reserves | B-3 | 60423720.00 |
| | Total Reserve & Surplus | | 61474998.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11172886.00 |
| | Total Grants, Contributions for Specific Purposes | | 11172886.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10975992.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 10975992.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 394462.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2252992.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2647454.00 |
| | TOTAL LIABILITIES | | 86271330.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 36067.00 |
| 412000000 | Capital Work in Progress | B-11(b) | 63000.00 |

| | | | |
|---|---|---|---|
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 912950.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11658081.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 73061170.00 |
| 416000000 | Accumulated Depreciation | B-11(a) | -33376196.00 |
| | Total Fixed Assets | | 52355072.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 5000000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 5000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3300731.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 23276864.00 |
| 460000000 | Loans, Advances and Deposits | B-18 | 2338663.00 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 28916258.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 86271330.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ